# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ഒക്ടോബർ 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ — പീഡനത്തിന്റെ നാൾവഴികൾ....



മൂന്നാം പേജിൽ — അഹ്മദികൾ – അഭയാർത്ഥികൾ



അഞ്ചാം പേജിൽ — ഗുജറാത്ത്: വംശഹത്യയുടെ പരീക്ഷണശാല



ഏഴാം പേജിൽ — ആതുരസേവന രംഗത്ത് വിനയപൂർവ്വം



എട്ടാം പേജിൽ — പ്രതിമാസം: ചൈനയിലെ മതസ്വാതന്ത്ര്യം; വിലക്കയറ്റവും ഇതരപ്രശ്നങ്ങളും


# അല്ലാഹു വിശ്വവിജയത്തിന്റെ ശില്പി

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**



**അ**ല്ലാഹുവിന്റെ ഒരു ഗുണനാമമാണ് അസീസ് എന്നത്. ഇത് ഏകദേശം നൂറ് സ്ഥലത്ത് വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. ഈ നാമം വിവിധ വചനങ്ങളിൽ, വിവിധ വിഷയങ്ങളോടുകൂടി- ഒന്നുരണ്ട് സ്ഥലമൊഴികെ- മറ്റു ഗുണനാമങ്ങളോടൊപ്പമാണ് വന്നിട്ടുള്ളത്. അല്ലാഹുവിന്റെ സത്തയെ എടുത്തുപറഞ്ഞുകൊണ്ട് ഈ ഗുണനാമത്തെക്കുറിച്ച് നിഘണ്ടുകർത്താക്കൾ വിവിധ അർത്ഥങ്ങൾ പറഞ്ഞിട്ടുണ്ട്.

ഈ വിശദീകരണത്തിന്റെ എല്ലാം ചുരുക്കമിതാണ്. അസീസ് എന്നത് അല്ലാഹുവിന്റെ നാമമാണ്. അത് പൂർണ്ണതയുടേയും സർവ്വവും കൂടിച്ചേരലിന്റേയും അടിസ്ഥാനത്തിൽ അല്ലാഹുവിന് മാത്രമാണ് യോജിച്ചത്. എല്ലാ മാന്യതകളുടേയും ഉറവിടമെന്ന് പറയപ്പെടുന്നത് അവനെ മാത്രമാണ്. അവൻ തന്നെയാണ്, തന്നെ വിശ്വസിക്കുന്നവർക്കും തന്റെ ദൂതനും ശക്തിയും ബലവും നല്കുന്നത്. അത് അവരുടെ വിജയത്തിന് കാരണമായിത്തീരുന്നു. അതുകൊണ്ട് ഈ വിജയിയും സകലശക്തിയുടേയും പ്രബലതയുടേയും അധികാരിയുമായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതുതന്നെ, ഒരു മനുഷ്യന് ശക്തിയും ബലവും നല്കുന്നു. ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, വിശുദ്ധഖുർആനിൽ ഏകദേശം നൂറുസ്ഥലത്ത് വിവിധ വിഷയങ്ങളെക്കുറിച്ച് പറയുന്നിടത്ത് അല്ലാഹുവിന്റെ ഈ ഗുണനാമത്തെക്കുറിച്ച് പറയുന്നുണ്ട്.

അങ്ങകലെയുള്ള പഞ്ചാബിലെ ഒരു ചെറിയ ഗ്രാമത്തിലെ ഒരാളെ എന്തുകൊണ്ടാണ് അല്ലാഹു മസീഹ് മഹ്ദിയാക്കിയതെന്ന് ഒരു ക്രിസ്ത്യൻ സ്ത്രീയും ജർമ്മനിയിൽ എന്നോട് ചോദിച്ചിരുന്നു. ഇതെങ്ങനെ സംഭവിച്ചു? കുഗ്രാമത്തിലുള്ള അദ്ദേഹത്തിന്റെ സന്ദേശം പുറത്തെങ്ങുമെത്തുമായിരുന്നില്ല. അക്കാലത്ത് ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല എന്നത് ശരിയാണ്. പക്ഷേ, നിങ്ങൾക്കുള്ള മറുപടി നിങ്ങളുടെ ചോദ്യത്തിൽതന്നെ വന്നിട്ടുണ്ടെന്ന് ഞാനവരോട് പറഞ്ഞു. അല്ലാഹു തന്റെ അനുഗ്രഹത്തിന്റെ ഖജനാവ് തുറന്നപ്പോൾ, ആ സന്ദേശം എത്തിക്കാനുള്ള ഏർപ്പാടും ഉണ്ടാക്കി. ഇന്ന് ജർമ്മനിയിലും നിങ്ങൾ അദ്ദേഹത്തിന്റെ സന്ദേശം കേൾക്കുന്നു. അതിവിടെ എത്തിക്കഴിഞ്ഞു. ലോകത്തിലെ 189 രാഷ്ട്രങ്ങളിൽ ആ ശബ്ദംഎത്തിക്കഴിഞ്ഞു. പ്രതാപവാനായ അല്ലാഹുവിൽനിന്ന് ആ മഹാത്മാവിന് ഈ സ്ഥാനം നല്കപ്പെട്ടിരിക്കുന്നുവെന്നതിനുള്ള വ്യക്തമായ തെളിവാണിത്. അവൻ എല്ലാത്തിന്റേയും അധികാരിയാണ്. അവൻ തന്റെ പ്രിയപ്പെട്ടവർക്ക് വിജയം നല്കി അനുഗ്രഹിക്കുന്നു. എന്നല്ല, അവനുമായി ബന്ധപ്പെട്ടുനില്ക്കുന്ന സത്യവിശ്വാസികളുടെ ജമാഅത്തിനോടും വിജയം നല്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

അറബികൾ ചോദിക്കുന്നത്, അറേബ്യൻ ദേശത്തിന് പുറത്ത് മസീഹ് മൗഊദ്(അ) വരുന്നതെങ്ങനെ എന്നാണ്. ഈ പഞ്ചാബി എങ്ങനെ മസീഹ് മൗഊദ് ആകുമെന്നാണ് മറ്റു രാജ്യങ്ങളിലെ മുസ്ലിംകൾ ചോദിക്കുന്നത്. ഇതിന് ഹദീസുകൾ അവർ തെളിവുകളായി ഉദ്ധരിക്കുന്നു. ഇന്ന അടയാളം


*(ശേഷം 2-ാം പേജിൽ)*


## ദൈവസ്മരണയിൽ വ്യാപൃതരാവുക: സദ്ർ സാഹിബ്



**ഖാദിയാൻ:** ദിക്റെ ഇലാഹിയിൽ വ്യാപൃതരായിക്കൊണ്ടായിരിക്കണം മുന്നോട്ടു പോകേണ്ടതെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദ്ർ മൗലാനാ ഇസ്മായീൽ താഹിർ സാഹിബ് പറഞ്ഞു. ഖാദിയാനിൽ 23,24, 25 തിയതികളിലായി നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ദേശീയ ഇജ്തിമായുടെ സമാപനസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വാക്കിലും പ്രവർത്തിയിലും ബാഹ്യപ്രകടനത്തിലും ഓരോ ഖാദിമിനും ജമാഅത്തിന്റെ ഗുണഗണങ്ങൾ തെളിയേണ്ടതുണ്ടെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ഖാദിം എന്ന വാക്കിൽ മസീഹ് മൗഊദ് (അ)ന്റെ ശിഷ്യഗണത്തിൽപെട്ടവരെന്ന സൂചനയുണ്ട്. രാത്രി ഉറങ്ങുന്നതിനു മുമ്പ് ഒരു ഖാദിം എന്ന നിലയിൽ തന്റെ കടമകൾ നിറവേറ്റിയിട്ടുണ്ടോ എന്ന് ഓരോരുത്തരും പരിശോധിക്കണം. നമ്മുടെ എല്ലാ മത്സരങ്ങളും തഖ്‌വയിൽ അധിഷ്ഠിതമാണ്. അനുസരണയുടെ നിലവാരം താഴാൻ സമ്മതിച്ചുകൂടാ. അദ്ദേഹം തുടർന്ന് പറഞ്ഞു.

## ദേശീയ ഇജ്തിമാ സമാപിച്ചു



**ഖാദിയാൻ:** ഒക്ടോബർ 23, 24, 25 തിയതികളിലായി നടന്ന ഖുദ്ദാമുൽ അഹ്മദിയ്യാ ദേശീയ ഇജ്തിമ സമാപിച്ചു. 23-ാം തിയതി രാവിലെ അഖിലേന്ത്യാ സദ്ർ മൗലാനാ ഇസ്മായിൽ താഹിർ സാഹിബ് പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. പ്രഥമയോഗത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് അഖിലേന്ത്യാ നാസിർ അഅ്‌ലാ മൗലാനാ ഇനാം ഗോറി സാഹിബ് ആധ്യക്ഷം വഹിച്ചു. തിലാവത്തിനും സത്യപ്രതിജ്ഞയ്ക്കും ശേഷം ഖലീഫാതിരുമനസ്സിന്റെ സന്ദേശം വായിച്ചുകേൾപ്പിച്ചു. 25-ാം തിയതി വൈകുന്നേരം സമാപന സമ്മേളനം നടന്നു. ഇതിൽ അഖിലേന്ത്യാ സദ്ർ മൗലാനാ ഇസ്മായിൽ താഹിർ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. സദ്ർ അഞ്ചുമൻ അഹ്മദിയ്യാ സാലിഹ് അലാദ്ദീൻ സാഹിബ് സമ്മാനദാനം നിർവ്വഹിച്ചു. ഇപ്രാവശ്യത്തെ ഇജ്തിമായിൽ കേരളത്തിൽനിന്ന് 25ഓളം പ്രതിനിധികൾ പങ്കെടുത്തു. 25-ാം തിയതി രാത്രി നടന്ന മജ്ലിസ് ശൂറായിൽ കേരളത്തിൽനിന്ന് 10 പേർ പങ്കെടുത്തു.

## ഡോ. സലാഹുദ്ദീൻ സാഹിബ് നായിബ് സദ്ർ



**ഖാദിയാൻ:** ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് കേരള ഇലാഖയുടെ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബിനെ ഖുദ്ദാമുൽ അഹ്മദിയ്യാ ദേശീയ നാഇബ് സദ്റായി നിയമിച്ചതായി ദേശീയ സദ്ർ മൗലാനാ ഇസ്മായിൽ താഹിർ സാഹിബ് അറിയിച്ചു. നിലവിൽ നോർത്ത് ഇലാഖയുടെ ഖാഇദായ ഡോ. സലാഹുദ്ദീൻ സാഹിബ് കേരളത്തിലെ അഹ്മദിയ്യാ യുവജന പ്രസ്ഥാനത്തിന്റെ മുന്നണി പ്രവർത്തകരിൽ ഒരാളാണ്.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ വ്യത്യസ്ത സ്ഥാനങ്ങൾ അലങ്കരിച്ച സലാഹുദ്ദീൻ സാഹിബ് കേരള സംസ്ഥാന ഖാഇദായിരുന്നു. ഇപ്പോൾ മൂന്നുവർഷത്തോളമായി നോർത്ത് ഇലാഖയുടെ അധ്യക്ഷനാണ്. കോഴിക്കോട് ജമാഅത്തിലെ സി. ഹംസകോയാ സാഹിബിന്റേയും ഫാത്തിമാ സാഹിബയുടെ മകനാണ് ഡോ. സലാഹുദ്ദീൻ സാഹിബ്. കോഴിക്കോട് ജമാഅത്തംഗമായ ഫായിസാ സാഹിബയാണ് ഭാര്യ. മൂന്ന് മക്കളുണ്ട്.

## അനുസരണം ഖിലാഫത്തിന് അത്യാവശ്യം: മൗലാനാ ഇനാം ഗോറി സാഹിബ്




**ഖാദിയാൻ:** വിശുദ്ധഖുർആനിലെ 55,56,57 ആയത്തുകൾ പാരായണം ചെയ്തുകൊണ്ടാണ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമായെ നാസിർ അഅ്‌ലാ ഇനാം ഗോറി സാഹിബ് അഭിസംബോധന ചെയ്തത്. മറ്റുള്ള മുസ്ലിം വിഭാഗങ്ങളെ അപേക്ഷിച്ച് രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് നിസ്സാരമെങ്കിലും ഈ ലോകത്തിലെ ശക്തമായ നേതൃത്വം നമുക്ക് മാത്രമേയുള്ളൂ. അതുകൊണ്ടുതന്നെ ജമാഅത്തിന്റെ ആശയം മറ്റുള്ളവർ ഉൾക്കൊള്ളുന്നില്ലെങ്കിലും നാം അതിനെ പ്രാവർത്തികമാക്കണം. എങ്കിൽമാത്രമേ ആഗോളനേതൃത്വത്തിന്റെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുകയുള്ളൂവെന്ന് നാസിർ അഅ്‌ലാ ഉദ്ബോധിപ്പിച്ചു. ഈ അത്ഭുതപ്രതിഭാസ


*(ശേഷം 3-ാം പേജിൽ)*

# ദുരിതാശ്വാസവുമായി ജമാഅത്ത്

**ഘാന:** ഘാന അപ്പർഈസ്റ്റിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ബാധിതർക്കായി ഘാന അഹ്മദിയ്യാ മുസ്‌ലിം മിഷൻ വമ്പിച്ച സഹായങ്ങൾ എത്തിച്ചു. ഈ സഹായത്തിൽ മൈസ്, പഞ്ചസാര, അരി എന്നിവയുൾപ്പെടുന്നു. പ്രവിശ്യാമന്ത്രി അൽഹസ്സൻ സമാരി സാധനങ്ങൾ ജമാഅത്തിന്റെ പ്രവിശ്യാ പ്രസിഡന്റ് അഡുമൂസയാണ് ഇവ മന്ത്രിയെ ഏല്പിച്ചത്. സഹോദരങ്ങളുടെ വേദന അറിഞ്ഞെത്തുന്നവരാണ് യഥാർത്ഥ വിശ്വാസികളെന്ന് ചടങ്ങിൽ സംസാരിച്ച അഡുമൂസ അഭിപ്രായപ്പെട്ടു. തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുള്ള ഈ സഹായം ഇതര സംഘടനകൾക്ക് ആവേശം പകർന്നേക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്നേഹത്തേയും, സേവനസന്നദ്ധതയേയും അഭിനന്ദിച്ച മന്ത്രി ഇനിയും ഇത്തരം ജീവകാരുണ്യപ്രവർത്തനങ്ങൾ ജമാഅത്ത് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു.

# സാന്ത്വനത്തിന്റെ വെളിച്ചവുമായി ഖുദ്ദാമുൽ അഹ്മദിയ്യ

**കണ്ണൂർ:** റമദാൻ പരിപാടികളുടെ ഭാഗമായി കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ സ്നേഹാലയം അഗതിമന്ദിരം സന്ദർശിച്ചു. സമൂഹത്തിന്റെ പാതയോരങ്ങളിലുപേക്ഷിക്കപ്പെട്ട അഗതികളാണ് ഇവിടെയുള്ളത്. ഈ അശരണർക്കായി അരി, പലഹാരങ്ങൾ തുടങ്ങിയവ ഖാദിംകൾ വിതരണം ചെയ്തു. കണ്ണൂർ താവക്കരയിലെ ഈ സേവന കേന്ദ്രം പ്രത്യേക പരാമർശമർഹിക്കുന്ന ഒന്നാണ്. കാരണം ഇവിടെയുള്ള അന്തേവാസികൾ ഭൂരിഭാഗവും മാനസിക വൈകല്യമുള്ളവരാണ്. അതുപോലെ തന്നെ അനാഥത്വം വേട്ടയാടുന്നവരുമാണ്. സഹജീവികളോടുള്ള അനുകമ്പയിൽ ആർദ്രരായ ഖാദിംകളോട് ഈ സ്ഥാപനത്തിന്റെ ബ്രദർസുപ്പിരിയർ ബ്രദർ സാമുവൽ സംസാരിച്ചു. പരിപാടികൾക്ക് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ്, ഖാഇദ് ഷാജിർ അഹ്മദ്, നഇബ് ഖാഇദ് ഡോ. ഹാശിഫ്, നിഷാൻ അഹ്മദ്, ഫഹിം മസൂദ്, സജിൻ നിസാർ, അഫ്സൽ തുടങ്ങിയവർ നേതൃത്വം നല്കി.

# റമദാൻ ദൈവസ്നേഹത്തിന്റേത്: പ്രൊ. എം. മുഹമ്മദ്

**കണ്ണൂർ സിറ്റി:** റമദാൻ ദൈവസ്നേഹത്തിന്റെ പൂർണ്ണതുവാണെന്ന് പ്രൊ. എം. മുഹമ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ സിറ്റി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന റമദാൻ പ്രഭാഷണത്തിന്റെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമാധാനത്തിന്റെ പുതിയ പുലരികളാണ് വ്രതാനുഷ്ഠാനത്തിലൂടെ നേടേണ്ടതെന്ന് പ്രൊ. മുഹമ്മദ് സാഹിബ് പറഞ്ഞു.

യോഗത്തിൽ ഖാഇദ് പി. ശെഫി അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് സംബന്ധിച്ചു. 23-ാം തിയ്യതി നടന്ന റമദാൻ പ്രഭാഷണത്തിൽ സി.പി. മൊയ്തീൻകുട്ടി മൗലവി സാഹിബ്, കെ. അബ്ദുൽ അസീസ് സാഹിബ് എന്നിവർ സംസാരിച്ചു. ടി. നിയാസ് അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു.



പഴയങ്ങാടി ജമാഅത്തിലെ ഹബീബ് റഹ്മാൻ സാഹിബിന്റേയും ഖുദ്സിയാ സാഹിബയുടേയും പുത്രൻ ഹഫീസുർറഹ്മാൻ ലണ്ടൻ ജൽസവേളയിൽ മികച്ച വിദ്യാർത്ഥിക്കുള്ള പുരസ്കാരം ഹുസൂറിൽനിന്ന് ഏറ്റുവാങ്ങുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യയുടെ സർക്കുലറുകൾ, നോട്ടീസുകൾ, ഫോറങ്ങൾ തുടങ്ങിയവ ഡൗൺലോഡ് ചെയ്യാവുന്ന ഡൗൺലോഡിംഗ് വെബ്സൈറ്റ് തുടങ്ങിയിരിക്കുന്നു. സന്ദർശിക്കുക –

**www.esnips.com/user/mkaknorth**

# സൗത്ത് കേരള ത്രിദിന അത്ഫാൽ കേമ്പ് സമാപിച്ചു

**കരുനാഗപ്പള്ളി:** ആഗസ്റ്റ് 25,26,27 തിയതികളിൽ കരുനാഗപ്പള്ളി മജ്‌ലിസിൽ വച്ചു നടത്തിയ സൗത്ത് കേരള ത്രിദിന അത്ഫാൽ കേമ്പ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമംഗളം സമാപിച്ചു. കേമ്പിൽ ഈ മേഖലയിലെ വിവിധ മജ്‌ലിസുകളിൽനിന്നുള്ള അത്ഫാലുകൾ പങ്കെടുത്തു. ഈ മേഖലയിലെ മിക്ക മുബല്ലിഗ്, മുഅല്ലിം സാഹിബുമാരും പങ്കെടുത്ത കേമ്പ് തികച്ചും വിജയമായിരുന്നു.

25-ാം തിയതി രാവിലെ തിരുവനന്തപുരം മേഖലാ അമീർ ജനാബ് അബ്ദുൽ ജലീൽ സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ സൗത്ത് കേരള ഖായിദ് ജനാബ് അബൂബക്കർ സാഹിബ്, കരുനാഗപ്പള്ളി മജ്‌ലിസ് ഖായിദ് ജനാബ് എസ്.വി. മുഹമ്മദ് ഫസൽ സാഹിബ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ കംറാൻ ഹസ്സൻ (കരുനാഗപ്പള്ളി) ഖുർആൻ പാരായണം നടത്തി. വജാഹത്ത് അഹ്മദ് (കരുനാഗപ്പള്ളി) പദ്യം ചൊല്ലി. തുടർന്ന് അത്ഫാലുകളുടെ പരസ്പരം പരിചയപ്പെടൽ നടന്നു. തുടർന്ന് ഖുർആൻ, നമസ്കാരം, നബിചരിത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ നടന്നു. മൗലവി നജീമുദ്ദീൻ സാഹിബ്, മൗലവി മുബശ്ശിർ സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി നിസാർ അഹ്മദ് സാഹിബ്, മൗലവി നജീബ്ഖാൻ സാഹിബ്, മൗലവി അമീൻ സാഹിബ് എന്നിവരാണ് ഈ ക്ലാസ്സുകൾ നടത്തിയത്. മഗ്‌രിബ്, ഇശാ നമസ്കാരങ്ങൾക്കുശേഷം 'സ്വഭാവരൂപീകരണം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി എ.കെ. കലീം സാഹിബ് (കരുനാഗപ്പള്ളി) ക്ലാസ് നടത്തി.

രണ്ടാം ദിവസം മൗലവി നാസ്സർ അഹ്മദ് സാഹിബ്, മൗലവി മൻസിൽ അഹ്മദ് സാഹിബ്, മൗലവി അമീറുദ്ദീൻ സാഹിബ്, ഡോ. ഫുആദ് എ. ജലീൽ സാഹിബ്, മൗലവി അൻസാർ മഹ്ദി സാഹിബ്, പി.പി. സഹീർ അഹ്മദ് സാഹിബ് പഴയങ്ങാടി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ നടത്തി. സ്പോർട്സ്, ഗെയിംസ്, മെമ്മറിടെസ്റ്റ്, മെസ്സേജ് പാസ്സിംഗ്, വീഡിയോ സെഷൻ, മൗലവി നാസർ അഹ്മദ് സാഹിബുമായുള്ള അഭിമുഖം എന്നിവയിൽ അത്ഫാലുകൾ ആവേശത്തോടെ പങ്കെടുത്തു.

കേമ്പിന്റെ മൂന്നാം ദിവസം തെൻമല, പാലരുവി എന്നീ സ്ഥലങ്ങളിലേക്ക് നടന്ന വിനോദയാത്ര വളരെ വിജ്ഞാനപ്രദവുമായിരുന്നു. പാലരുവിയുടെ കരയിൽ വച്ചുനടന്ന ഉച്ചഭക്ഷണം ഏറെ ഹൃദ്യവും ആസ്വാദ്യവുമായിരുന്നു.

സമാപനയോഗം തെൻമല മാൻപാർക്കിൽവച്ചാണ് നടന്നത്. യോഗത്തിൽ സൗത്ത് കേരള ഖാഇദ് ജനാബ് അബൂബക്കർ സാഹിബ് അധ്യക്ഷത വഹിച്ചു. കരുനാഗപ്പള്ളി ഖാഇദ് ജനാബ് എസ്.വി. മുഹമ്മദ് ഫസൽ സാഹിബ് പ്രസംഗിച്ചു. അഖിൽ കരുനാഗപ്പള്ളി, ഫറാസ് കരുനാഗപ്പള്ളി എന്നിവർ പദ്യം ചൊല്ലി.

സൗത്ത് കേരള നാസിം അത്ഫാൽ ജനാബ് സനൂജ് മുസ്‌ലിഹ് സഹാബി കൃതജ്ഞത അർപ്പിച്ചു. കേമ്പ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വൻവിജയമായിരുന്നു.

# ആഫ്രിക്കൻ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്യുക

**(ഹുസൂർ തിരുമനസ്സിന്റെ അനുവാദത്തോടെ ഹ്യൂമാനിറ്റി ഫസ്റ്റ് നടത്തിയ അഭ്യർത്ഥന)**

കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങൾക്കിടെയുണ്ടായ ഏറ്റവും ദുരന്തം വിതച്ച വെള്ളപ്പൊക്കക്കെടുതി സെനഗൽ മുതൽ കെനിയ വരെയുള്ള മധ്യആഫ്രിക്കൻ പ്രദേശങ്ങളിലെ 20 ഓളം രാജ്യങ്ങളെ തീരാദുരിതത്തിലാക്കിയിരിക്കുകയാണ്. 270 ഓളം പേർ ദുരന്തത്തിൽ മരിച്ചു. 6 ലക്ഷം പേർ ഭവനരഹിതരായി. വിളകൾക്കുണ്ടായ നാശനഷ്ടംമൂലം ലക്ഷങ്ങൾ കൊടുംപട്ടിണിയിലായിരിക്കുന്നു. ഭക്ഷണത്തിനും കുടിവെള്ളത്തിനും ദൗർല്ലഭ്യം നേരിടുന്ന ജനങ്ങൾ മലേരിയയുടേയും മറ്റു സാംക്രമിക രോഗങ്ങളുടേയും പിടിയിലമർന്നുകഴിഞ്ഞു.

ദുരന്തത്തിലകപ്പെട്ടവരെ, പ്രത്യേകിച്ച്, കുട്ടികളെ സഹായിക്കുന്നതിന് ഹ്യൂമാനിറ്റി ഫസ്റ്റ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ദുരിതം നേരിട്ട മിക്കവാറും എല്ലാ രാജ്യങ്ങളിലും വളണ്ടിയർമാർ സേവനം അനുഷ്ഠിച്ചുവരുന്നു. 20-ഓളം രാജ്യങ്ങളെ സഹായിക്കുകയെന്നത് ഭാരിച്ച സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടിവരുന്ന സംരംഭമാണ്. ആയതിനാൽ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുന്നതിനായി ഉദാരമായ സംഭാവനകൾ ഹ്യൂമാനിറ്റി ഫസ്റ്റിന് അയച്ചുതരാൻ അഭ്യർത്ഥിക്കുന്നു. താഴെ ചേർത്ത വിലാസങ്ങളിൽ ഫണ്ട് അയക്കാവുന്നതാണ്.

*കൂടുതൽ വിവരങ്ങൾക്ക്*
Online-
www.humanityfirst.org
Cheques- Humanity first

(1-ാം പേജിൽനിന്ന്)

പുലർന്നില്ല എന്നു പറയുന്നു. ബാഹ്യമായ വിശ്വാസത്തെയാണ് അവർ നോക്കുന്നത്. ഹദീസുകളിൽ വിവരിച്ചിട്ടുള്ള പ്രവചനങ്ങളിൽ ചിന്തിക്കുന്നില്ല. അതുകൊണ്ടാണ് അല്ലാഹു കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷം, മുൻകഴിഞ്ഞ നബിമാരോടും ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചിരുന്നു, നബി(സ) തിരുമേനിയോടും ഇത് ചോദിച്ചിരുന്നുവെന്ന് പറഞ്ഞിട്ടുള്ളത്. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി നിയോഗിതനാകുമ്പോൾ അദ്ദേഹത്തിനോടും ഈ ചോദ്യം ആവർത്തിക്കപ്പെടണമായിരുന്നു. അതുകൊണ്ട് മുസ്‌ലിംകളെ ജാഗ്രതപ്പെടുത്തുന്നതിനായി അല്ലാഹു പറഞ്ഞു, ഞാൻ പ്രതാപവാനാണ്. ഞാൻ അനുഗ്രഹദാതാവാണ്. വിശുദ്ധഖുർആൻ വായിക്കുന്ന നിങ്ങൾ ഈ ആയത്തിൽ ചിന്തിക്കുക. കാരുണ്യത്തിന്റെ ഖജനാവുകളുടെ അധികാരിയും ഞാൻ തന്നെയാണ്; നിങ്ങളല്ല. ഒരാളെ മഹ്ദീ മസീഹ് ആക്കാൻ ഞാൻ തീരുമാനിച്ചു. അങ്ങനെ മഹ്ദീ മസീഹാക്കി അയച്ചു. വിശുദ്ധ ഖുർആനിലും ഞാൻ പറഞ്ഞതുപോലെ, അവസരം വന്നാൽ നിങ്ങൾ ചിന്തിക്കണമെന്ന് പറഞ്ഞു; നിങ്ങൾ വഞ്ചിതരാകാതിരിക്കാൻ. അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അവർ ഈ സന്ദേശത്തെ മനസ്സിലാക്കുന്നവരായിത്തീരട്ടെ. ആരിലാണോ കാരുണ്യം ഇറക്കുന്നത്, ആർക്കാണോ സർവ്വതും നല്കിയനുഗ്രഹിക്കുന്നത്, അയാളെ സഹായിക്കുമെന്നും അല്ലാഹു പറഞ്ഞു. സഹായിക്കും, വിജയം നല്കും എന്ന വിളംബരവും അസീസ് എന്ന ഗുണനാമത്തിന്റെ അടിസ്ഥാനത്തിലാണ് ചെയ്തിട്ടുള്ളത്. അവൻ പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടമാണിത്. ഈ കാലഘട്ടം തെളിവുകൾ കൊണ്ടുള്ള യുദ്ധത്തിന്റെ കാലഘട്ടമാണ്. മസീഹ് മൗഊദ്(അ)ന്റെ ഈ ജമാഅത്ത് തെളിവുകളും പ്രമാണങ്ങളും കൊണ്ട് ഇന്ന് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നു. അത് അല്ലാഹു തന്റെ പ്രിയപ്പെട്ടവന് നല്കി അനുഗ്രഹിച്ചതാണ്. ലോകത്തിന്റെ അറ്റങ്ങളോളം ആളുകൾ ആ കേന്ദ്രത്തിലേക്ക് മെല്ലെ മെല്ലെ സംഘടിച്ചുകൊണ്ടിരിക്കുന്നു. അ

(ശേഷം 3-ാം പേജിൽ)

# മെറിഡെനിൽ പുതിയ മസ്ജിദ്

യഹോവ സാക്ഷികളുടെ പ്രാർത്ഥനാഹാൾ അഞ്ചുനേര നമസ്കാരത്തിന്റേയും ബാങ്കുവിളികളുടേയും ഗേഹമായി മാറുകയെന്നത് ഒരു ചരിത്രനിയോഗമാവാം. വ്രതശുദ്ധിയുടെ 30 ദിനരാത്രങ്ങൾക്ക് അന്ത്യം കുറിച്ചുയർന്ന തക്ബീർ ധ്വനികളോടെ ഈദുൽ ഫിത്വ്ർ മെറിഡനിലെ അഹ്മദീ മുസ്‌ലിംകൾ പുതിയ മസ്ജിദിൽ ആഘോഷിച്ചു. യഹോവ സാക്ഷികളുടെ പ്രാർത്ഥനാ ഹാൾ വിലക്കുവാങ്ങി മനോഹരമായ പള്ളിയാക്കി മാറ്റുകയായിരുന്നു. ഈ മസ്ജിദ് നിലവിൽ വരുന്നതിനു മുമ്പ് അഹ്മദികൾ മാലിക് ഫോർഡിലെ ഹംഗേറിയൻ ക്ലബ്ബ് ഹാളിലായിരുന്നു പ്രാർത്ഥനകൾ നടത്തിവന്നിരുന്നത്. 'ബയ്ത്തുൽ അമാൻ' എന്നാണ് ഈ മസ്ജിദിന് പേരിട്ടിരിക്കുന്നത്. മസ്ജിദ് ഉദ്ഘാടനം ചെയ്യുന്നതിനു മുമ്പ് ജമാഅത്തംഗങ്ങൾ സമീപപ്രദേശങ്ങളിലെ വീടുകളിൽ പോവുകയും സ്വയം പരിചയപ്പെടുത്തുകയും മധുരം വിതരണം നടത്തുകയും ചെയ്തു.

# തർബിയ്യത്ത് യോഗം

**ചേലക്കര :** ചേലക്കര അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 20-ാം തിയ്യതി ശനിയാഴ്ച മഗ്‌രിബ് നമസ്കാരത്തിനുശേഷം തർബിയ്യത്ത് യോഗം സംഘടിപ്പിച്ചു. ഇസ്‌ലാഹൊ ഇർശാദ് സെക്രട്ടറി ജനാബ് അബ്ദുർ റഹീം സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പ്രഭാഷകനായിരുന്നു. അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങൾ സ്വായത്തമാക്കുന്നതിലൂടെയാണ്, ഒരു മുസ്‌ലിമിന് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുന്നതെന്ന് ഖുർആൻ, ഹദീസ് ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം വിശദീകരിച്ചു. അല്ലാഹുവിന്റെ സിഫത്തുകളിൽ ചിലത് ഉദാഹരണമായി എടുത്തുപറഞ്ഞുകൊണ്ട്, എല്ലാ സിഫത്തുകളും ഉൾക്കൊള്ളാൻ മനുഷ്യന് സാധിക്കുമെന്നും തഖല്ലഖൂബി അഖ്‌ലാഖില്ലാഹ് എന്ന വചനം അതാണ് പ്രകടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീകളും കുട്ടികളും ഉൾപ്പെടെ നിരവധിയാളുകൾ യോഗത്തിൽ പങ്കെടുത്തു. ഇഅ്ജാസ് അഹ്മദിന്റെ തിലാവത്തോടെ ആരംഭിച്ച യോഗത്തിൽ സാഹിർ അഹ്മദ് പദ്യാലാപനം നടത്തി.

# അഹ്മദികൾ– അഭയാർത്ഥികൾ

**മറ്റാറാം (ഇന്തോനേഷ്യ):** ജക്കാർത്തയ്ക്കടുത്ത് വെസ്റ്റ് നൂസ ടെൻഗാറയിലെ മറ്റാറാം അഭയാർത്ഥി ക്യാമ്പിൽ അഹ്മദി കുടുംബങ്ങൾ തങ്ങളുടെ രണ്ടാമത്തെ പ്രവാസ റമദാൻ അനുഷ്ഠിക്കുകയാണ്. വെസ്റ്റ് ലോംബോക്കിലെ കെറ്റാപാംഗ് എന്ന ഗ്രാമത്തിലെ 58 കുടുംബങ്ങളാണ് മറ്റാറാം സെന്ററിൽ കഴിയുന്നത്. അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ തങ്ങളുടെ ഗ്രാമം വിട്ട് ഓടിപ്പോരേണ്ടി വന്നവരാണിവർ. 2005 ഫെബ്രുവരിയിലായിരുന്നു ഇത്. ഗവർമ്മെന്റിന്റെ ഭാഗത്തുനിന്ന് ഇവർക്ക് വലിയ സഹായമൊന്നും ലഭിക്കുന്നില്ല. അടുത്തകാലംവരെ ഭക്ഷണത്തിനുള്ള സഹായം ടെൻഗാറ സാമൂഹിക ക്ഷേമ ഓഫീസിൽ നിന്ന് കിട്ടിയിരുന്നു. എന്നാൽ, 2007 ജനുവരി മുതൽ അതും നിലച്ചിരിക്കുകയാണ്. ഗവർമ്മെന്റിന് പലതവണ നിവേദനം നല്കിയെങ്കിലും ഫലമൊന്നുമുണ്ടായില്ല.

ഈ ക്യാമ്പിലെ അഹ്മദി പുരുഷന്മാർ അധ്വാനശീലരാണ്. മിക്കവരും കെട്ടിട നിർമ്മാണ മേഖലയിലോ മറ്റ് രംഗങ്ങളിലോ തൊഴിൽ നേടിക്കഴിഞ്ഞു. സ്ത്രീകളും ചെറിയ കച്ചവടം നടത്തുന്നുണ്ട്. ഇന്തോനേഷ്യയിൽ തിരിച്ചറിയൽ കാർഡുണ്ടെങ്കിൽ വൈദ്യസഹായവും, വിദ്യാഭ്യാസവും സൗജന്യമായി ലഭിക്കും. എന്നാൽ, ഇവർ ഉപേക്ഷിച്ച ഗ്രാമത്തിലെ തിരിച്ചറിയൽ കാർഡിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. അതിനാൽ, ആരോഗ്യസേവനത്തിന് വലിയ ചെലവ് ചെയ്യേണ്ടിവരുന്നു. ഇവിടുത്തെ സയ്യാഹിദിൻ എന്ന അഹ്മദിക്ക് തന്റെ ഭാര്യയുടെ പ്രസവത്തിന് ഏറെകുറെ 220 യു.എസ്. ഡോളറിന്റെ ചെലവ് വരികയുണ്ടായി.



ഈ അഭയാർത്ഥികളുടെ കൂട്ടത്തിൽ 26 ഓളം വിദ്യാർത്ഥികളുണ്ട്. ഇവർക്ക് വിദ്യാഭ്യാസച്ചെലവ് കടുത്ത വെല്ലുവിളിയായിത്തീർന്നിരിക്കുകയാണ്. ഇന്തോനേഷ്യൻ പ്രസിഡന്റ് ഉൾപ്പെടെ ഉന്നത ഭരണകർത്താക്കൾക്കൊക്കെയും നിവേദനം നല്കിയെങ്കിലും വലിയ പ്രതീക്ഷ ഈ അഹ്മദികൾക്കില്ല. ഇവർ തങ്ങളുടെ വിധിയുമായി സമരസപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഇതൊക്കെ ദൈവത്തിന്റെ ചെറിയ പരീക്ഷണങ്ങളാണെന്ന് ക്യാമ്പിന്റെ ചുമതലയുള്ള അഹ്മദിയ്യാ മുബല്ലിഗ് മൗലവി സൈഫുൽ ഉലൂം പറയുന്നു. എന്തായാലും ഇവരുടെ നിശ്ചയദാർഢ്യം ശക്തമാണ്. ജമാഅത്തിനോടുള്ള അചഞ്ചലമായ കൂറ് ഇവിടുത്തെ പിഞ്ചുകുഞ്ഞുങ്ങളിൽപോലും കാണാനുണ്ട്. മറ്റാറാം ക്യാമ്പ് കൂടാതെ സമീപപ്രദേശത്തുള്ള ലോംബോക്ക് ദീപിൽ 15 ഓളം അഹ്മദിയ്യാ കുടുംബങ്ങൾ തമ്പടിച്ചിട്ടുണ്ട്.

# കേരളത്തിന്റെ യശസ്സ് ഉയർന്നു

**ഖാദിയാൻ:** ദേശീയ ഇജ്തിമായിൽ ഉജ്ജ്വലനേട്ടങ്ങൾ കരസ്ഥമാക്കിക്കൊണ്ട് കേരള ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാകൾ കേരളത്തിന്റെ യശസ്സ് ഉയർത്തി. 50 അംഗങ്ങളിൽ താഴെയുള്ള മജ്‌ലിസുകളിൽ മികച്ച പ്രവർത്തനത്തിനുള്ള മൂന്നാം സ്ഥാനം മാത്തോട്ടം മജ്‌ലിസ് കരസ്ഥമാക്കി. കോഴിക്കോട്, കൂടാളി, എറണാകുളം, കാവശ്ശേരി, വാണിയമ്പലം മജ്‌ലിസുകൾക്ക് പ്രത്യേക സമ്മാനങ്ങൾ ലഭിച്ചു. അത്ഫാൽ ദീനീ പരീക്ഷയിൽ സിത്താരെ അത്ഫാൽ വിഭാഗത്തിൽ പഴയങ്ങാടി മജ്‌ലിസിലെ മുഹമ്മദ് ജുനൈദ് ഒന്നാം സ്ഥാനവും സീശാൻ അഹ്മദ് മൂന്നാം സ്ഥാനവും നേടി. ഹിലാലെ അത്ഫാൽ വിഭാഗത്തിൽ സൽമാനുൽ ഫാരിസ് (പഴയങ്ങാടി) മൂന്നാം സ്ഥാനവും ഖമരെ അത്ഫാൽ വിഭാഗത്തിൽ വാണിയമ്പലം മജ്‌ലിസിലെ സഫീർ. ടി ഒന്നാം സ്ഥാനവും നേടി.

(1-ാം പേജിൽ നിന്ന്)

ത്തിന്റെ പ്രസക്തി മറ്റുള്ളവർക്കും ബോധ്യമാകും വിധം പ്രവർത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ജമാഅത്ത് വ്യവസ്ഥിതി ഹിസ്ബ് സായിഖ്, ഖായിദ്, ഇലാഖാ ഖായിദ്, സദ്ർ വഴി ഖിലാഫത്തിൽ എത്തിച്ചേരുന്നു. ഖിലാഫത്ത് അല്ലാഹുവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഖാദിമിന്റെ വാക്ക് ഇതേ വഴിയിലാണ് കാലത്തിന്റെ ഖലീഫയിൽ എത്തുന്നത്. അല്ലാഹു നല്കിയ ഈ അനുഗ്രഹത്തെ വിലമതിക്കാൻ പഠിക്കുമ്പോഴാണ് നാം വിജയിക്കുന്നത്.


(2-ാം പേജിൽ നിന്ന്)

വർക്ക് തെളിവുകളുടെ വാൾ നല്കപ്പെട്ടിരിക്കുന്നു. അവർ ഇസ്‌ലാമിന്റെ പ്രത്യേകതകൾ, ഹൃദയാകർഷകമായ നിലയിൽ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുന്നു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും ഇൽഹാമിലൂടെ പറഞ്ഞു: ***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ, വല്ലാഹു ഗാലിബുൻ അലാ അംരിഹീ വലാക്കിന്ന അക്ഥറന്നാസി ലാ യഅ്‌ലമൂൻ***.ഞാനും എന്റെ ദൂതന്മാരും വിജയിക്കുമെന്ന് അല്ലാഹു ആദ്യമേതന്നെ എഴുതി രേഖപ്പെടുത്തിയിരിക്കുന്നു. അതായത്, എന്തെങ്കിലും പോരാട്ടം നടത്തേണ്ടിവന്നാൽ, അല്ലാഹുവിൽനിന്നുള്ളവർ പരാജിതരാകുകയില്ല. അല്ലാഹു തന്റെ തീരുമാനത്തിൽ വിജയിയാണ്. എന്നാൽ, അധികമാളുകളും കാര്യം മനസ്സിലാക്കുന്നില്ല. പിന്നീട്, ഈ ഇൽഹാമും ഉണ്ടായി. ***ഇന്നഹു ഖവിയ്യുൻ അസീസ്***. അവൻ പ്രബലനും വിജയിയുമാണ്. പക്ഷേ, ഞാൻ മുമ്പേ പറഞ്ഞതുപോലെ, ഈ വിജയം വാൾകൊണ്ടുള്ള യുദ്ധമോ കൊലയോ കൊണ്ടുണ്ടാകുകയില്ല. മറിച്ച്, തെളിവുകൾ കൊണ്ടുള്ള ജിഹാദായിരിക്കും. ഇൻശാഅല്ലാഹ് ഇതിലൂടെ വിജയം ലഭിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി പറയുന്നു:

***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ***, അതായത് അല്ലാഹു ആരംഭത്തിലേ വിധിയെഴുതിയിരിക്കുന്നു, അത് തന്റെ നിയമവും നടപടിക്രമവുമായിട്ട് നിശ്ചയിച്ചിരിക്കുന്നു, അവനും അവന്റെ റസൂലും എപ്പോഴും വിജയികളുമെന്ന്. അതുകൊണ്ട് ഞാൻ അവന്റെ റസൂൽ അതായത് സന്ദേശവാഹകൻ ആകുന്നു. എനിക്ക് പുതിയ ശരീഅത്തോ, പുതിയ വാദമോ, പുതിയ പേരോ ഒന്നുമില്ല. പ്രത്യുത, നബികരീം ഖാത്തമുന്നബിയീന്റെ നാമം പ്രാപിച്ച്(സ) ആ മഹാത്മാവിൽ ആയിക്കൊണ്ട് ആ മഹാത്മാവിന്റെ പ്രതീകമായിക്കൊണ്ട് വന്നിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ആദമിന്റെ കാലം മുതൽ നബി(സ) തിരുമേനിവരെ, ഈ ആയത്തിന്റെ ഉള്ളടക്കം സത്യമായി പുലർന്നുവന്നിട്ടുണ്ട്. ഇനി എനിക്കുവേണ്ടിയും അത് സത്യമായിത്തന്നെ പുലരുന്നതാണ്. ഇവർ കാണുന്നില്ലേ? ഈ മൗലവിമാരും ഇവരുടെ ശിങ്കിടികളും എനിക്കെതിരിൽ ചീത്തപറയാനും എന്റെമേൽ കളവിന്റെ ആരോപണം ഉന്നയിച്ച് ആക്രമിക്കാനും തുടങ്ങിയ കാലത്ത്, എനിക്ക് ഒരു അനുയായിയും ഉണ്ടായിരുന്നില്ല. അംഗുലിപരിമിതമായി ചില സുഹൃത്തുക്കൾ മാത്രമെ എന്നോടൊപ്പമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹ

(ശേഷം 7-ാം പേജിൽ)

# പീഡനത്തിന്റെ നാൾവഴികൾ....



**വ**ർഷങ്ങളായി തുടരുന്ന പാക്കിസ്ഥാനിലെ അഹ്മദിയ്യാ പീഡനത്തിന്റെ നാൾവഴിക്കണക്കാണിത്. ഈ കണക്ക് അഹ്മദികൾ അനുഭവിക്കുന്ന സഹനത്തിന്റെ കാലനുഗതമായ വിവരണമാകുന്നു. ഒരു ജനതയുടെ ദൈവികമായ സഹനവും പ്രാർത്ഥനകളും ഇതിൽ കാണാം.

1889– ജമാഅത്തിന്റെ സ്ഥാപനം.

1891– ആദ്യ ജൽസ

1897 ആഗസ്റ്റ്– മസീഹ് മൗഊദിനെതിരായി പാതിരി മാർട്ടിൻ ക്ലാർക്കിന്റെ വ്യാജ വധശ്രമ കേസ്. ഇത് പിന്നീട് വ്യാജമാണെന്ന് മനസ്സിലായതിനാൽ തള്ളിപ്പോയി.

ജൂൺ 20, 1901– ഹദ്റത്ത് മൗലവി അബ്ദുറഹ്മാൻ അഫ്ഗാനിൽ രക്തസാക്ഷിത്വം വരിച്ചു.

ജൂലൈ 14, 1903– അഫ്ഗാനിൽ ഹദ്റത്ത് സാഹിബ് സാദാ സയ്യിദ് അബ്ദുൽ ലത്തീഫിനെ കാബൂളിൽവച്ച് രാജാവിന്റേയും അനുചരവൃന്ദത്തിന്റേയും മുന്നിൽവച്ച് കല്ലെറിഞ്ഞ് കൊല്ലുന്നു.

മെയ് 27, 1908– ഹദ്റത്ത് ഹക്കീം മൗലാനാ നൂറുദ്ദീൻ ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

മാർച്ച് 13, 1914– ഒന്നാം ഖലീഫ വഫാത്താകുന്നു.

മാർച്ച് 14, 1914– ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

ആഗസ്റ്റ് 31, 1924– വീണ്ടും ഒരഹ്മദി, ഹദ്റത്ത് മൗലവി നിഅ്മത്തുല്ലാഹ് രക്തസാക്ഷിത്വം വരിച്ചു.

ജൂലൈ 25, 1931– അഖിലേന്ത്യാ കശ്മീർ സമിതിയുടെ അധ്യക്ഷനായി ഖലീഫത്തുൽ മസീഹിനെ തിരഞ്ഞെടുത്തു.

1931– ഹദ്റത്ത് സർ സഫ്റുല്ലാ ഖാൻ സാഹിബ് ആൾ ഇന്ത്യാ മുസ്‌ലിം ലീഗ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

1947– ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തി.പാക്കിസ്ഥാൻ ജനനം

ആഗസ്റ്റ് 31, 1947– ഖാദിയാനിൽനിന്ന് ഖലീഫത്തുൽ മസീഹ് രണ്ടാമൻ പാക്കിസ്ഥാനിലേക്ക് മാറുന്നു

ഏപ്രിൽ 1948– റബ്‌വ സ്ഥാപിക്കപ്പെടുന്നു.

ആഗസ്റ്റ് 19, 1948– ക്വറ്റയിൽ മേജർ ഡോ. മഹ്മൂദ് അഹ്മദ് ഏതാനും മുല്ലമാർ നയിച്ച ജനക്കൂട്ടത്താൽ വധിക്കപ്പെട്ടു. ഈ കേസിൽ ആരേയും ഭരണകൂടം ശിക്ഷിച്ചില്ല.

ഡിസംബർ 10, 1948– യു.എൻ. അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം നടത്തുന്നു.

1950– പാക്കിസ്ഥാനിലെ ചർസാദ, ഓക്റ, റാവൽ പിണ്ടി, മാൻഷേറ എന്നിവിടങ്ങളിലായി അഹ്മദികൾ വധിക്കപ്പെട്ടു.

1952–53– പടിഞ്ഞാറൻ പാക്കിസ്ഥാനിൽ അഹ്മദികൾക്കെതിരായി അഹ്റാറികളുടെ പ്രക്ഷോഭണം.

മാർച്ച്, ഏപ്രിൽ, 1953– പാക്ക് പഞ്ചാബിൽ കനത്തതോതിൽ അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭം അഹ്മദികൾക്കുനേരെ ആക്രമണം, അവഹേളനം. അഹ്മദിയ്യാ വസ്തുവകകൾ കൊള്ളയടിക്കപ്പെടുന്നു.

മാർച്ച് 10, 1954– ഖലീഫത്തുൽ മസീഹിനു നേരെ റബ്‌വയിൽ വധശ്രമം.

ഏപ്രിൽ 10, 1954– 1953-ലെ അഹ്മദിയ്യാ വിരുദ്ധ കലാപത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് പുറത്തുവന്നു.

മാർച്ച് 23, 1956– പാക്കിസ്ഥാന്റെ ഒന്നാം ഭരണഘടന നിലവിൽവന്നു.

മാർച്ച് 27, 1958– ജനറൽ അയ്യൂബ് ഖാൻ ഭരണം പിടിച്ചെടുത്തു.

1962– അയ്യൂബ്ഖാൻ പുതിയ ഭരണഘടന അവതരിപ്പിക്കുന്നു.

സെപ്തംബർ 1965– ഇന്ത്യാ-പാക്ക് യുദ്ധം

നവംബർ 9, 1965– ഖലീഫത്തുൽ മസീഹ് രണ്ടാമൻ വഫാത്താകുന്നു. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് മൂന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

ഡിസംബർ 16, 1966– ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര സിവിൽ-രാഷ്ട്രീയ അവകാശങ്ങൾക്കായുള്ള ചാർട്ടർ പുറത്തിറക്കുന്നു. പാക്കിസ്ഥാൻ ഇതിൽ ഭാഗഭാക്കാകുന്നില്ല.

മാർച്ച് 25, 1969– അയ്യൂബ് ഖാനിൽനിന്ന് ജനറൽ യഹ്യാഖാൻ ഭരണം ഏറ്റെടുക്കുന്നു.

ഡിസംബർ 1971– ഇന്ത്യാ-പാക്ക് യുദ്ധം. ബംഗ്ലാദേശ് സ്ഥാപിക്കപ്പെട്ടു.

ഡിസംബർ 21, 1971– സുൽഫിക്കർ അലിഭൂട്ടോ അധികാരത്തിലെത്തുന്നു.

1972– അഹ്മദിയ്യാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ദേശസാൽക്കരിച്ചു.

ഏപ്രിൽ 12, 1973 ഇസ്‌ലാമിക് റിപ്പബ്ലിക് ഓഫ് പാക്കിസ്ഥാൻ സൃഷ്ടിക്കപ്പെടുന്നു.

ഒക്ടോബർ 1974– പാക്കിസ്ഥാനിലുടനീളം അഹ്മദിയ്യാ വിരുദ്ധ കലാപം, സംഘടിതമായ കൊല, കൊള്ള, അഹ്മദിയ്യാ

(ശേഷം 5-ാം പേജിൽ)

# അഹ്മദിയ്യാ മുസ്‌ലിം സാംസ്കാരിക കേന്ദ്ര നിർമ്മാണം തടയാൻ ഓർഡിനൻസ് പരിഗണനയിൽ

**വാൾക്കേർസ് വില്ല(യു.എസ്.എ) :** കൃഷിഭൂമിയിൽ ആരാധനാലയങ്ങൾ, സ്കൂളുകൾ, ക്ലാസ്സുകൾ എന്നിവ പണിയുന്നത് നിരോധിച്ചുകൊണ്ടുള്ള ഓർഡിനൻസ് ഒക്ടോബർ 24-ന് ചേരുന്ന ടൗൺ കമ്മീഷണർമാരുടെ യോഗം അംഗീകരിച്ചേക്കും. വാൾക്കേർസ്‌വില്ല സിറ്റി കമ്മീഷൺ ശ്രീ ചാഡ് വെഡിൽ ആണ് പ്രാദേശിക ഓർഡിനൻസ് പരിഗണനക്കായി നല്കിയിട്ടുള്ളത്. 8939 വുഡ്സ്ബൊറോ പൈക്ക് എന്ന സ്ഥലത്ത് 224 ഏക്കറിൽ ഒരു സാംസ്കാരിക വിനോദകേന്ദ്രം നിർമ്മിക്കാൻ അനുമതിക്കായി അഹ്മദിയ്യാ ജമാഅത്ത് പ്ലാൻ നല്കിയതിനുശേഷമാണ് ഓർഡിനൻസ് തയ്യാറാക്കിയിരിക്കുന്നത്. പ്ലാൻ നല്കിയതിനുശേഷം ഓർഡിനൻസ് കൊണ്ടുവരുന്നതിനാൽ ജമാഅത്ത് സമർപ്പിച്ചിരിക്കുന്ന നിർമ്മാണ പ്രവർത്തനത്തെ നിയമത്തിൽനിന്ന് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ജമാഅത്ത് നിവേദനം നല്കിയിട്ടുണ്ട്. ഈ നിവേദനത്തിന്മേൽ ടൗൺകമ്മീഷണർമാരുടെ യോഗം 23-ന് തീരുമാനമെടുക്കും. പ്രദേശത്തെ ജനങ്ങൾ ഒന്നടങ്കം ജമാഅത്തിന്റെ നിർമ്മാണപ്രവർത്തനത്തെ എതിർക്കുകയാണ്. ജമാഅത്ത് ഗ്രാമം വിട്ട് പട്ടണത്തിലേക്ക് പ്രവേശിക്കുന്നതിനെ എന്ത് വില കൊടുത്തും തടയാനാണ് നീക്കം. അതിന്റെ ഭാഗമായാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. 224 ഏക്കർ സ്ഥലത്തിനും കെട്ടിട നിർമ്മാണത്തിനും ഏകദേശം ചെലവ് 7 മില്യൺ ഡോളർ ആണെന്നിരിക്കെ വർഷത്തിലൊരിക്കൽ ഒത്തുചേരാൻ മാത്രം ഇത്ര തുകയെന്തിന് ചെലവഴിക്കണമെന്നാണ് അവരുടെ ചോദ്യം. സിറ്റിയിൽ പള്ളി പണിയുമെന്നാണ് പ്രദേശത്തുകാരുടെ ആശങ്ക. വാൾക്കേർസ് വില്ല 'അമേരിക്കയിലെ മക്ക'യാകുമെന്ന ഭയം അവരെ പിടികൂടിയിരിക്കുന്നു. നാട്ടുകാരുടെ പ്രതിഷേധത്തോടൊപ്പം ടൗൺ കമ്മീഷണർമാരും പങ്കുചേരുമെന്നാണ് ഇതുവരെയുള്ള സൂചനകൾ.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
സെപ്തംബർ 2007 റമദാൻ

## പാക്കിസ്ഥാനിലെ അടിയന്തിരാവസ്ഥ

പാക്കിസ്ഥാനിൽ വീണ്ടും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ആ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇതിൽ പുതുമയൊന്നുമില്ല. പട്ടാള ഭരണങ്ങളുടെയും, അട്ടിമറികളുടെയും തുടർന്നുള്ള കരിനിയമങ്ങളുടെയും ചരിത്രമാണ് പാക്കിസ്ഥാനുള്ളത്. പ്രസിഡണ്ട് പർവേസ് മുശറഫ് പ്രഖ്യാപിച്ച അടിയന്തിരാവസ്ഥയ്ക്ക് പക്ഷേ പഴയതിൽനിന്നും ചെറിയ ചില മാറ്റങ്ങൾ കാണാം. കാരണം വർദ്ധിച്ചുവരുന്ന ജുഡീഷ്യൽ ആക്ടിവിസത്തിന്റെ നിഴലിലാണ് ഈ പ്രഖ്യാപനം. വരാനിരിക്കുന്ന കോടതിവിധികളെ മുശറഫ് ഭയപ്പെടുന്നുണ്ട്. ഗവർമ്മെന്റിന്റെയും കോടതിയുടെയും ഏറ്റുമുട്ടൽ അടിയന്തിരാവസ്ഥയെ സൃഷ്ടിക്കുകയായിരുന്നു.

പാക്കിസ്ഥാന്റെ രാഷ്ട്രീയ സ്വത്വത്തിന് ചില പ്രത്യേകതകളുണ്ട്. അത് രണ്ട് വ്യത്യസ്ത ശത്രുക്കളെ എന്നും നിലനിർത്താനാഗ്രഹിക്കുന്നു. പുറമെ തങ്ങളുടെ നിത്യശത്രുവായി ഇന്ത്യ നിലനിൽക്കണം. അകമേ എന്നും വികാരത്തെ ജ്വലിപ്പിക്കുന്ന ഒരു വിശ്വാസ-മതപര-വംശീയ പ്രതിയോഗിയായി അഹ്മദിയ്യാ ജമാഅത്തിനേയും സങ്കല്പിക്കുന്നു. പാക്ക് ഭരണ-പ്രതിപക്ഷ കക്ഷികൾ എന്നും അനുയായികളെ പ്രചോദിപ്പിക്കുന്നത് അഹ്മദിയ്യാ ഭീഷണി ഉയർത്തിയാണ്. ഭരണകൂടം ആഭ്യന്തരപ്രശ്നങ്ങളെ മൂടിവെക്കാൻ ജനങ്ങളോട് എപ്പോഴും ഇന്ത്യയുമായുള്ള ഒരു യുദ്ധത്തെക്കുറിച്ച് പറയും. ഇങ്ങനെയുള്ള ഒരു 'ഇമോഷണൽ ഹൈജാക്കിംഗ്' സ്ഥിരമായി പാക്കിസ്ഥാനിൽ നിലനിന്നിരുന്നു. ജനതയുടെ ശാരീരികവും മാനസികവുമായ ഈ ശത്രുദ്വയം ചിത്രത്തിൽനിന്ന് അകലുമ്പോഴൊക്കെ പാക്കിസ്ഥാൻ ആഭ്യന്തര പ്രശ്നങ്ങൾ നേരിട്ടിട്ടുണ്ട്.

ഇന്ത്യയുമായി നിലനിൽക്കുന്ന സമാധാനാന്തരീക്ഷം ഒരർത്ഥത്തിൽ പാക്ക് ഭരണകൂടത്തെ ആഭ്യന്തരമായി കുഴക്കുന്നുണ്ട്. ഇന്നും പാക്ക് അധികാരനിരയിലെ പ്രസക്തമായ ഒരു വിഭാഗത്തിന് ഇത്തരം സമാധാനത്തിൽ വലിയ താല്പര്യമില്ല. മറുവശത്ത് അഹ്മദികൾക്കെതിരായ കേന്ദ്രീകൃത പ്രചരണത്തിന് സമകാലീന സമൂഹത്തിൽ പ്രസക്തി കുറയുന്നുണ്ട്. കൂടാതെ കോടതികളുടെ സജീവത വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് ജനാധിപത്യത്തെ തന്റേതായ രീതിയിൽ പുനഃനിർമ്മിക്കാൻ മുശറഫ് ഒരുങ്ങിയത്. എന്നാൽ, തന്റെ രാഷ്ട്രീയലക്ഷ്യങ്ങളെ നശിപ്പിക്കാൻ കോടതികൾ ഒരുമ്പട്ടേക്കും എന്ന അവസ്ഥയെ അദ്ദേഹം ഭയപ്പെട്ടിരുന്നു; അതിന്റെ ഫലമാണീ അടിയന്തിരാവസ്ഥ.

പാക്ക് ജനസാമാന്യം കുറച്ചുനാൾ തെരുവിലിറങ്ങിയേക്കാം. അക്രമാസക്തമായ തെരുവുസമരക്കാരെ പാക്ക് പട്ടാളം ബലം പ്രയോഗിച്ച് നേരിട്ടേക്കാം. അതൊക്കെ ഒരുവശത്ത് നടക്കുമ്പോൾ സത്യം മറന്നുപോകുന്നു. വിശ്വാസത്തിലെ വ്യതിയാനത്തെ അപരാധമാക്കി, ന്യൂനപക്ഷത്തെ പീഡിപ്പിക്കുന്നവർ ഇക്കാര്യം മനസ്സിലാക്കേണ്ടതത്രെ. ഭരണത്തിന്റേയും മുല്ലാമാരുടേയും ജല്പനങ്ങൾ ജനതയെ അസാന്മാർഗ്ഗികളാക്കുന്നു. സത്യം മനസ്സിലാക്കാനുള്ള അവസരം അവർക്ക് നിഷേധിക്കപ്പെടുന്നു. പാക്കിസ്ഥാനിലെ ജനത അതിവൈകാരികമായി പ്രതികരിക്കുന്ന ബുദ്ധിഹീനരുടെ കൂട്ടായ്മയായി അധഃപതിക്കുന്നു. ഇത്തരം അധഃപതനങ്ങളുടെ സ്വാഭാവികമായ പരിണതിയാണ് ഈ ജനാധിപത്യ നിഷേധം.

# ഇസ്‌ലാമിന്റെ വാഗ്ദത്ത വിജയം

**അബ്ദുൽ ലത്തീഫ്**

**വി**ശുദ്ധഖുർആനിലെ സൂറഃ സുഹാ എന്ന അധ്യായത്തിൽ പതിനൊന്ന് സൂക്തങ്ങളാണുള്ളത്. അതിന്റെ വിവർത്തനം താഴെ പറയുംപ്രകാരം സംഗ്രഹിക്കാം.

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. പൂർവ്വാഹ്നത്തെക്കൊണ്ടും, ശാമിനെക്കൊണ്ടും സത്യം; അത് സർവ്വത്ര അന്ധകാരമയമാകുമ്പോൾ. നിന്റെ നാഥൻ നിന്നെ കൈവെടിഞ്ഞിട്ടില്ല; അവൻ നിന്നെ വെറുത്തിട്ടുമില്ല. തീർച്ചയായും പിൽക്കാലം ആദ്യകാലത്തേക്കാൾ നിനക്ക് ഉത്തമമാണ്. നിന്റെ നാഥൻ തീർച്ചയായും നിനക്ക് (പല അനുഗ്രഹങ്ങളും) നല്കും. അപ്പോൾ നീ തൃപ്തനായിത്തീരും. അവൻ നിന്നെ അനാഥനായിക്കണ്ടില്ലേയോ? അപ്പോൾ അവൻ നിനക്ക് അഭയം നല്കി. അവൻ നിന്നെ വഴിയറിയാത്തവനായിക്കണ്ടു. എന്നിട്ട് അവൻ നിനക്ക് മാർഗ്ഗദർശനം നല്കി. അവൻ നിന്നെ ദരിദ്രനായിക്കണ്ടെത്തി. എന്നിട്ടവൻ നിന്നെ സ്വാശ്രയനാക്കി. അതിനാൽ അനാഥരോട് പരുഷമായി പെരുമാറാതിരിക്കുക. സഹായം ചോദിക്കുന്നവനെ വിരട്ടുകയും അരുത്. നിന്റെ നാഥന്റെ അനുഗ്രഹത്തെ നീ എടുത്തുപറയുക.

വിശുദ്ധഗ്രന്ഥത്തിലെ ശ്രദ്ധേയങ്ങളായ സൂറത്തുകളിൽപ്പെട്ട ഒന്നാണ് സൂറത്തുസ്സുഹാ. മുഹമ്മദ്നബി (സ)യുടെ മക്കാജീവിതകാലഘട്ടത്തിൽ അവതരിച്ച ഈ അധ്യായത്തിൽ നബിതിരുമേനിയുടെ പരിശുദ്ധജീവിതത്തിന്റെ ഒരു സംഗ്രഹമാണ് നല്കിയിട്ടുള്ളത്. ഈ അധ്യായത്തിനെ മുഫസ്സിറുകൾ (ഖുർആൻ വ്യാഖ്യാതാക്കൾ) വിവിധ രൂപത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

നബിതിരുമേനി(സ)യുടെ ജീവിതത്തിന്റെ രണ്ട് ഘട്ടങ്ങളെപ്പറ്റി (ഹിജ്റയ്ക്ക് മുമ്പും, ശേഷവുമുള്ളവ) ഈ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ദൗത്യകാലഘട്ടത്തിലെ ക്ലേശപൂർണ്ണമായ ആദ്യഭാഗത്തിലാണ് ഈ അധ്യായം അവതരിച്ചിട്ടുള്ളത്. തനിക്ക് ഇപ്പോഴുള്ള വിഷമകരമായ പരീക്ഷണഘട്ടം കഴിഞ്ഞ് സുന്ദരസുരഭിലമായ വിജയകാലം (ഫത്ഹ്) വരാനിരിക്കുന്നുവെന്ന് അവിടുത്തേക്ക് സുവിശേഷം നല്കുന്നു. അപ്പോൾ ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്ലാമിൽ പ്രവേശിക്കുന്നവരായി സ്വന്തം കണ്ണുകൊണ്ട് തന്നെ തനിക്ക് കാണാറാകുമെന്ന് അല്ലാഹു ഇവിടെ അറിയിക്കുന്നു. ഈ അധ്യായത്തിലെ ഓരോ സൂക്തങ്ങളേയും എടുത്തുപരിശോധിച്ചാൽ പ്രഥമദൃഷ്ട്യാ വെളിപ്പെടാത്ത പല ദൈവികരഹസ്യങ്ങളും അനാവരണം ചെയ്യപ്പെട്ടിട്ടുള്ളതായി കാണാം.

ഇസ്ലാമിന്റെ പരിണാമത്തേയും വാഗ്ദത്തവിജയത്തേയും പറ്റിയുള്ള പ്രവചനങ്ങളാണ് ഈ അധ്യായം നമുക്ക് മുമ്പിൽ വെളിപ്പെടുത്തുന്നത്. ഈ സൂറത്തിലെ ഓരോ ആയത്തുകളേയും ഇഴപിരിച്ച് പരിശോധിച്ചാൽ നമുക്കത് കൂടുതൽ വ്യക്തമാകുന്നതാണ്.

1. പൂർവ്വാഹ്നത്തെക്കൊണ്ടും,

2. രാവിനെക്കൊണ്ടും സത്യം; അത് സർവ്വത്ര അന്ധകാരമയമാകുമ്പോൾ - ഇവിടെ പൂർവ്വാഹ്നം എന്നുള്ളതിന്റെ വിവക്ഷ ഇസ്ലാമാകുന്ന അഥവാ ഖുർആൻ ആകുന്ന സൂര്യൻ ഉദിച്ചുയർന്ന ആദിക കാലഘട്ടത്തെപ്പറ്റിയാണ്. അന്ധകാരമയമായ രാത്രി എന്നുള്ളത് ആദിമ കാലത്ത് ഇസ്ലാം നേരിട്ട പരീക്ഷണ കാലഘട്ടത്തെക്കുറിക്കുന്നു. ഇസ്ലാം ആവിർഭവിച്ച ഏ.ഡി ആറാം നൂറ്റാണ്ട് ലോകം മുഴുവൻ അധർമ്മത്തിലും സത്യനിഷേധത്തിലും ആണ്ടുകിടന്ന കാലമായിരുന്നു. ദൈവികമതത്തിന്റെ വക്താക്കളായി അവകാശപ്പെട്ട ജൂതന്മാരും ക്രിസ്ത്യാനികളും ഇതര ബഹുദൈവാരാധകരും ഒരു വ്യത്യാസവുമില്ലാതെ സ്വേച്ഛാനുസരണം ജീവിച്ച ഒരു കാലമായിരുന്നു അത്. അങ്ങനെയുള്ള ഒരു പ്രപഞ്ചഭൂമികയിലാണ് നബിതിരുമേനി(സ) അല്ലാഹുവിന്റെ ആജ്ഞപ്രകാരം സത്യമതമായ ഇസ്ലാം പ്രബോധിച്ചത്. സ്വാഭാവികമായും എതിർപ്പിന്റെ ഒരു കൊടുങ്കാറ്റ്തന്നെ റസൂൽ(സ)യുടെയും സ്വഹാബത്തിന്റേയും മേൽ ആഞ്ഞടിച്ചു. ഇസ്ലാമാകുന്ന ആ വിശുദ്ധചെടി ഈ ലോകത്തു നിന്നും പിഴുതെറിയപ്പെടുമോ എന്ന് ഭയപ്പെടാവുന്ന അവസ്ഥവരെ സംജാതമായി. ഈയൊരു ഘട്ടത്തിലാണ് അല്ലാഹു നബി(സ) തിരുമേനിക്ക് ഇപ്രകാരം സാന്ത്വനം നല്കുന്നത്. നിന്റെ റബ്ബ് നിന്നെ കൈവെടിഞ്ഞിട്ടില്ല; അവൻ നിന്നെ വെറുത്തിട്ടുമില്ല.

ഈ ലോകം മുഴുവൻ നബി (സ)യെ വെറുത്താലും കൈവെടിഞ്ഞാലും റബ്ബുൽ ആലമീനായ അല്ലാഹു തന്നെ കൈവെടിയുകയില്ലെന്നും വെറുക്കുകയില്ലെന്നും അല്ലാഹു അദ്ദേഹത്തിന് വഹ്യ് നല്കി.

തുടർന്ന് അല്ലാഹു പറയുന്നു. (4) തീർച്ചയായും പിൽക്കാലം ആദ്യകാലത്തേക്കാൾ നിനക്ക് ഉത്തമമാണ്. (5) നിന്റെ നാഥൻ നിനക്ക് പല അനുഗ്രഹങ്ങളും നല്കും. അപ്പോൾ നീ തൃപ്തനായിത്തീരും. ഇപ്പോൾ നിന്നെ എതിർക്കുകയും ഭർത്സിക്കുകയും ചെയ്യുന്ന നിന്റെ ശത്രുക്കൾ ഇസ്ലാമിന്റെ സത്യം മനസ്സിലാക്കി നിന്റെ പിന്നിൽ അണിനിരക്കുമെന്നും അങ്ങനെ സമ്പൂർണ്ണമായ ഫത്ഹ് (വിജയം) കരഗതമാകുന്ന കാലം ഒട്ടും വിദൂരമല്ലെന്നും അല്ലാഹു ഇവിടെ അറിയിക്കുന്നു. അങ്ങനെ ആധ്യാത്മികമായും ഭൗതികമായുമുള്ള സകല അധികാരങ്ങളും തന്റെ ജീവിതകാലത്തു തന്നെ അദ്ദേഹത്തിന് ലഭിച്ചു. ഇത് മറ്റൊരു നബിക്കും ലഭ്യമാകാത്ത് അനുഗ്രഹമാണ്.

അങ്ങനെ ആത്മീയമായും ഭൗതികമായുമുള്ള എല്ലാ അധികാരങ്ങളും ലഭിച്ചുകഴിഞ്ഞാൽ താൻ ജനങ്ങളോട് എങ്ങനെ പെരുമാറണമെന്ന കാര്യമാണ് തുടർന്നുള്ള സൂക്തങ്ങളിൽ പറയുന്നത്.

## സാഹിബ്‌ സാദാ അബ്ദുല്ലത്തീഫ് സാഹിബിന്റെ വീരചരമത്തെക്കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വാക്കുകൾ

“**അ**ല്ലയോ അബ്ദുല്ലത്തീഫ്! താങ്കളുടെ മേൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ! താങ്കൾ എന്റെ ജീവിതകാലത്തുതന്നെ സത്യവിശ്വാസത്തിന്റെ മാതൃക കാണിച്ചിരിക്കുന്നു. എന്റെ ജമാഅത്തിൽ എന്റെ മരണശേഷം ജീവിച്ചിരിക്കുന്നവർ എന്തൊക്കെയാണ് ചെയ്തുകൂട്ടുകയെന്ന് എനിക്കറിയില്ല.”

വീണ്ടും പറഞ്ഞു: “ഈ കൊലപാതകം വളരെ നിഷ്ഠൂരമായ നിലയിലാണ് നടത്തിയിരിക്കുന്നത്. ആകാശത്തിന് കീഴിൽ അതിന് ഒരു തുല്യ സംഭവം കാണപ്പെടുകയില്ല. ഹാ കഷ്ടം! ഈ അവിവേകിയായ അമീർ എന്താണീ ചെയ്തുകാട്ടിയത്? അത്തരമൊരു നിരപരാധിയായ മനുഷ്യനെ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ വധിച്ചുകളഞ്ഞുകൊണ്ട് സ്വന്തം നില അപകടത്തിലാക്കിയിരിക്കുന്നു. അല്ലയോ കാബൂൾ ദേശമേ, നീ സാക്ഷി നിൽക്കുക! നിന്റെ മണ്ണിൽവെച്ചാണ് ഈ കൊടുംപാതകം നടത്തിയിട്ടുള്ളത്. അല്ലയോ ഭാഗ്യം കെട്ട ഭൂപ്രദേശമേ, ദൈവത്തിന്റെ ദൃഷ്ടിയിൽ നിനക്ക് പതനം സംഭവിച്ചുപോയിരിക്കുന്നു. കാരണം, നീ ഈ കൊടുംപാതകത്തിന്റെ സ്ഥലമായിക്കഴിഞ്ഞിരിക്കുന്നു” (തദ്കിറത്തുശ്ശഹാദത്തൈൻ, ഭാ-72).

ഇന്ന് കാബൂളിന്റെയും അഫ്ഘാനിസ്ഥാന്റെയും സ്ഥിതി എന്താണ്? വാഗ്ദത്ത മസീഹിന്റെ ശാപം ഏറ്റുവാങ്ങിയ അഫ്ഘാൻ ജനത ഇന്ന് ആ പൈശാചിക കൃത്യത്തിന്റെ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയത്രെ. ഈസാനബിയെ ക്രൂശിലേറ്റിയ യഹൂദർ മസീഹിന്റെ ശാപത്തിന്നിരയായി നൂറ്റാണ്ടുകളായി തലമുറ തലമുറയായി ദുരിതങ്ങൾക്കും കൂട്ടക്കൊലകൾക്കും ശിക്ഷകൾക്കും ഇരയായതുപോലെ അഫ്ഘാൻ രാജ്യവും ഈ പൈശാചിക കൃത്യത്തിന്റെ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കയാണ്. റഷ്യൻ സൈനികരുടെ ചവിട്ടടികൾക്കുള്ളിൽ ചതഞ്ഞമർന്ന് അടിമകളായിക്കഴിയേണ്ടിവന്ന അഫ്ഘാനികൾ സഹോദരപ്പോരിലും കൂട്ടക്കൊല ചെയ്യപ്പെട്ടു.

## ഖാഇദുമാരുടെ ശ്രദ്ധയ്ക്ക്

അൽഹഖിന്റെ ഏപ്രിൽ 2006 മുതൽ സെപ്തംബർ 2007 വരെയുള്ള വരിസംഖ്യാ കുടിശ്ശികയുടെ കണക്ക് സർക്കുലർ മുഖേന എല്ലാ മജ്‌ലിസിലേക്കും അയച്ചിട്ടുണ്ട്. വരിസംഖ്യ കൃത്യമായി ലഭിക്കാത്തതിനാൽ പ്രിന്റിംഗ് ചാർജ്ജിനത്തിൽ വൻതുക കുടിശ്ശികയായിരിക്കുകയാണ്. അതിനാൽ സെപ്തംബർ 2007 വരെയുള്ള മുഴുവൻ കുടിശ്ശികയും ഉടൻ തന്നെ താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.


*വിലാസം:*

**എഡിറ്റർ,
അൽഹഖ്,
C/o. അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്, കണ്ണൂർ- 1**

# ഗുജറാത്ത്: വംശഹത്യയുടെ പരീക്ഷണശാല

ആഷിഖ് തോട്ടോൻ

"ഗർഭിണിയായ മുസ്‌ലിം സ്ത്രീയുടെ വയറിലേക്ക് വാൾ കുത്തിയിറക്കി ഭ്രൂണം പുറത്തെടുത്ത് വെട്ടിനുറുക്കി ആർത്തട്ടഹസിക്കാൻ ഞാൻതന്നെ നേതൃത്വം നല്കി. മുസ്‌ലിംകളെ ഏതുതരത്തിൽവരെ ആക്രമിക്കാൻ കഴിയുമെന്ന് പുറംലോകത്തിന് കാട്ടിക്കൊടുക്കലായിരുന്നു ഞങ്ങളുടെ ലക്ഷ്യം." ഗുജറാത്തിലെ ശിവസേനാ നേതാവായ ബാബു ബജ്‌രംഗിയുടേതാണ് ഈ വാക്കുകൾ. 2002-ൽ ഗുജറാത്തിൽ നടന്നത് വെറുമൊരു നരഹത്യയായിരുന്നുവെന്ന കരുതലുകളൊക്കെ അസ്ഥാനത്തായിരുന്നുവെന്ന് തെഹൽക്കയുടെ പുതിയ വെളിപ്പെടുത്തലുകൾ തെളിയിക്കുന്നു. ഗുജറാത്ത് വംശഹത്യയുടെ പരീക്ഷണശാലയായിരുന്നു. RSS ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുന്ന സമീപനരേഖയിലെ പ്രധാനപ്പെട്ട ഖണ്ഡികയിൽ എഴുതിച്ചേർത്ത മുസ്‌ലിം ഉന്മൂലനമെന്ന ആശയത്തെ പ്രയോഗികവൽക്കരിക്കാൻ ഒരു ഭരണകൂടംതന്നെ ചെയ്ത ഒത്താശകളെക്കുറിച്ചുള്ള പുതിയ തെളിവുകൾ വായിച്ചെടുക്കുമ്പോൾ സ്വാതന്ത്ര്യസമരങ്ങൾ മുതലുള്ള ഇന്ത്യയുടെ രാഷ്ട്രീയചരിത്രം നിഷ്പക്ഷമായി വിലയിരുത്തിയിട്ടുള്ളവർക്ക് അത്ഭുതപ്പെടാനൊന്നുമില്ല. കാരണം വിഭജനമെന്ന ആശയം ആദ്യം മുന്നോട്ടുവെച്ച് ഇന്ത്യയെ വെട്ടിമുറിക്കാൻ കൂട്ടുനിന്നവർ സ്വാതന്ത്ര്യാനന്തരം ദേശീയവാദികളായി മാറുകയും, സ്വരാജ്യത്തിനുവേണ്ടി വിരിമാറ് കാണിച്ച മുസ്‌ലിം സമുദായം ഒറ്റുകാരായി മുദ്രകുത്തപ്പെടുകയും ചെയ്തത് ഈ മണ്ണിൽ തന്നെയാണ്. ഗർഭിണിയായ സ്ത്രീയുടെ വയറിലുള്ള ഭ്രൂണം എന്നത് വംശപാരമ്പര്യത്തെ നിലനിറുത്തുന്ന ജീവവായുവാണ്. അതിനെ വെട്ടിനുറുക്കിക്കൊണ്ട് ലോകത്തിന് ഹിന്ദുഭീകരർ നല്കിയ സന്ദേശം മുസ്‌ലിം സമുദായത്തെ ഉന്മൂലനം ചെയ്യുകയെന്നതാണ് ഞങ്ങളുടെ ലക്ഷ്യം എന്നതുതന്നെയാണ്. മുസ്‌ലിംകളുടെ ഒരു ചാൺ വയറ് നിറയ്ക്കുന്നതിനുവേണ്ടി അവർ സമ്പാദിച്ചതെല്ലാം കൊള്ളയടിക്കുകയും ഉപകാരപ്രദമല്ലാത്തവ ചുട്ടുകരിക്കുകയും ചെയ്യുകയെന്നതായിരുന്നു അക്രമികൾ സ്വീകരിച്ച മാർഗ്ഗം. കൊല്ലപ്പെടാതെ ജീവച്ഛവങ്ങളായി അവശേഷിച്ചവർ ഇന്നും അഭയാർത്ഥി കേമ്പുകളിൽ കഴിയേണ്ടിവരുന്നതിന്റെ രീതിശാസ്ത്രം എന്നത് ഹിന്ദു രാഷ്ട്രത്തിൽ മുസ്‌ലിംകളുടെ സ്ഥിതി ഇപ്രകാരമായിരിക്കും എന്ന സന്ദേശമാണ്.



(ശേഷം 6-ാം പേജിൽ)

# സൈനുദ്ദീൻ സാഹിബിന്റെ കാവ്യമാനസം

***അബൂ ശഹീദഹ്മദ്, പഴയങ്ങാടി***

സൈനുദ്ദീൻ സാഹിബിന്റെ കാവ്യമാനസം
സ്മരണകളിൽ കവിതകളാസ്വദിക്കും ജനം
ഭക്തിഗാന നിർഝരികൾ ഹർഷപുളകിതം
സത്യദൂതൻ താളുകൾ സാഹിത്യനിർഭരം!

പവിത്രമാം ദീനിസ്‌ലാം സുന്ദരരൂപം
സ്ഫടികസമം പ്രകാശനം മാസികഗ്രന്ഥം
ഗദ്യവരികൾ നിറയുന്നൂ നിത്യസംഭവം
പദ്യവരികൾ വിരിയുന്നൂ പുതുമകൾ ദൃശ്യം!

അഹ്മദിയ്യാ അധരങ്ങൾ ആദരപൂർവ്വം
ആത്മീയാനുഭൂതിയേറും പദ്യസമൂഹം
അൻസാർ ലജ്ന ഖുദ്ദാം അത്ഫാലുകൾ സംഘം
അവതരണം മലയാളം സംഗമസമയം!

സർവനാഥനല്ലാഹുവിൻ തിരുസന്ദേശം
പരിശുദ്ധഖുർആനിൽ കീർത്തനഗാനം
അരുവിയായി ഒഴുകുമാ 'മരന്ദപ്രവാഹം'
അരുമയായി മാറുമാ സൂറത്തുകൾ സ്വന്തം!

സർവശക്തനല്ലാഹുവിൻ ദിവ്യസ്വരൂപം
ദർശനമോഹം ജനിക്കും കവിതാശകലം
അർഹമുർറാഹിമിൻ തന്റെ സ്വർഗ്ഗകവാടം
റൂഹുകളിൽ അന്വേഷണം അലയൊലി നിത്യം!

മുത്തുനബി തങ്ങളുടെ ത്യാഗജീവിതം
ഒപ്പിയെടുത്തെഴുതിയതാം പദ്യോപഹാരം
ശ്രവിക്കുവിൻ 'അർശിന്റെ പാർശ്വങ്ങളിൽ' ഗാനം
ശ്രോതാക്കളിൽ ഏകുമനുഭാവതരംഗം!

ഈസാമസീഹിന്റെ ദിവ്യമരണസന്ദേശം
ഇഹലോകജീവിതമോ ക്ഷണികനേരം
വാനിലില്ല മാനവരിൽ ജീവിതവിഭവം
സാഹിബിന്റെ 'മരിച്ചുപോയ്' വിവാദകാവ്യം!

മഹ്ദി മസീഹിന്റെ മഹൽ സത്യസന്ദേശം
മാനസങ്ങൾ ഉണരുന്നൂ 'മൈത്രീ'സംഗീതം
ഹിന്ദുക്കൾ ക്രിസ്തീയർ മുസ്‌ലിംകൾ ജനം
മതങ്ങളിൽ സൗഹാർദ്ദം ഉയരും ഗീതം!

ജന്നത്തെ നിശാതല്ലോ ഖാദിയാൻ ദേശം
ദാറുല്ലമാൻ എന്നതിന്റെ നാമവിശേഷം
സദ്വൃശമേകാൻ ശ്രമങ്ങൾ ജിവാജീഗൃഹം
ഇബ്നു അബ്ദുല്ലാ കഴിഞ്ഞ കവിതാസദനം!

അഹ്മദിയ്യാ പൂർവ കവികളിൽ ആദരം
ഓർമ്മകളിൽ ഈ സുദിനം അവിസ്മരണീയം
കവിവര്യർ സൽകർമ്മം നിരതജീവിതം
ഏകിടണേ സുബ്ഹാനേ ശാശ്വത സ്നേഹം

# ഔലിയാക്കളിൽ ഒരാൾ

ഒരു നൂറ്റാണ്ടിനു മുമ്പ് വിദൂരമായ മലബാർ പ്രദേശത്തുനിന്ന് ഒരു ബാലൻ മതപഠനാർത്ഥം ഖാദിയാനിൽ വന്നെത്തി. അദ്ദേഹത്തെ സ്വദേശമായ പഴയങ്ങാടിയിൽ ബി. അബ്ദുല്ലാഹ് എന്നായിരുന്നു വിളിച്ചുവന്നിരുന്നത്. ഖാദിയാനിലാകട്ടെ അബ്ദുല്ലാഹ് മലബാരി എന്നപേരിൽ പ്രഖ്യാതനായിത്തീരുകയും ചെയ്തു. വലിയ ബുദ്ധിശാലിയും അധ്വാനശീലനുമായ ഒരു യുവാവായിരുന്നു അദ്ദേഹം. ഖാദിയാനിലെ വിശുദ്ധാന്തരീക്ഷം ആ യുവാവിന്റെ സ്വഭാവശീലങ്ങൾക്ക് സവിശേഷമായ ഒരു വർണ്ണപ്പൊലിമ നൽകി. യാത്രാദൂരം കാരണം ഒഴിവുകാലങ്ങളിൽ നാട്ടിലേക്കു പോകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. വെക്കേഷൻകാലം ജ്ഞാനസമ്പാദനത്തിലും പാരായണത്തിലും നിലീനനായിക്കൊണ്ട് ഖാദിയാനിൽതന്നെയാണദ്ദേഹം കഴിച്ചുകൂട്ടിയിരുന്നത്. ഏറെക്കാലത്തിനുശേഷം അദ്ദേഹം സ്വദേശത്തേക്ക് യാത്രതിരിച്ചു. അദ്ദേഹത്തിന് ഗ്രന്ഥപാരായണത്തിൽ അസാധാരണമായ പ്രതിപത്തിയുണ്ടായിരുന്നു.

'മദ്രസ്സ അഹ്മദിയ്യാ'യിൽ അദ്ദേഹം എന്നേക്കാളും കുറേകൊല്ലം മുമ്പിലായിരുന്നുവെങ്കിലും ഇടയ്ക്ക് രോഗഗ്രസ്തനായതിനാൽ പഠനത്തിനു തടസ്സം നേരിടുകമൂലം ഫൈനൽ ക്ലാസ്സിൽ ഞങ്ങളൊന്നിച്ചായി. അന്നാളുകളിൽ മദ്രസ്സ അഹ്മദിയ്യായിലെ എട്ടാതരം 'മൗലവി ഫാസിൽ' ക്ലാസ്സായിരുന്നു. ഇതേ ക്ലാസ്സിലുള്ളവരാണ് പഞ്ചാബ് യൂനിവേഴ്സിറ്റിയിലെ എച്ച്.എ.(Honours in Arabic) പരീക്ഷയ്ക്ക് ഹാജരായിരുന്നത്. ഞങ്ങൾ 1924-ൽ എച്ച്.എ. പരീക്ഷ കൊടുത്തു. ദൈവാനുഗ്രഹത്താൽ ഞങ്ങൾ ഏഴുപേരും വിജയികളായി. ഏറ്റവുമധികം മാർക്ക് കിട്ടിയത് എനിക്കായിരുന്നുവെങ്കിലും എന്നെക്കാളധികം മാർക്ക് വാങ്ങുമെന്ന് ഞാൻ കരുതിയ എന്റെ സഹപാഠികളിൽ ഒരാളായിരുന്നു ഭ്രാതാ മൗലവി അബ്ദുല്ലാഹ് സാഹിബ് മലബാരി. അദ്ദേഹം ഞങ്ങളുടെ ക്ലാസ്സിൽ എത്രത്തോളം കഴിവും ബുദ്ധിശക്തിയും ഉള്ള ആളായിരുന്നുവെന്നു ഇതിൽനിന്നു ഗ്രഹിക്കാമല്ലോ. ആദ്യം മുതൽക്കേ വളരെ ഒതുക്കവും വിനയവുമുള്ള പ്രകൃതക്കാരനായിരുന്ന മൗലവി സാഹിബവർകൾ ആരുമായും ഒരിക്കലും ശണ്ഠകൂടുവാൻ ഇടവന്നിരുന്നില്ല. മറ്റു വിദ്യാർത്ഥികൾക്കിടയിലുള്ള കുഴപ്പങ്ങൾ സ്നേഹപൂർവ്വം പറഞ്ഞുതീർക്കാൻ എപ്പോഴും അദ്ദേഹം ശ്രമിച്ചിരുന്നു. തത്വചിന്തകനായിരുന്ന അദ്ദേഹം ഉപരിപ്ലവമായ അറിവുകളിൽ സന്തൃപ്തനാകാതെ ഏതു വിഷയത്തിന്റേയും ഉള്ളിന്റെ ഉള്ളോളം എത്താൻ പാടുപെടുമായിരുന്നു. എച്ച്.എ പരീക്ഷ പാസ്സായതിനുശേഷം ഞങ്ങളിരുവരും നമ്മുടെ വന്ദ്യഗുരുനാഥനായ ഹദ്റത്ത് ഹാഫിസ് റൗഷൻ അലി സാഹിബ്(റ) അവർകളുടെ കീഴിൽ കുറച്ചുകാലം കഴിച്ചുകൂട്ടിയിരുന്നു. അക്കാലങ്ങളിൽ മുബല്ലിഗ് ക്ലാസ്സുകളിൽ ഹാഫിസ് സാഹിബ് തന്നെയായിരുന്നു ഞങ്ങളുടെ ഉസ്താദ്. അദ്ദേഹത്തിന്റെ പഠനരീതി വളരെ ഹൃദ്യവും സ്നേഹമയവും ആയിരുന്നതിനു പുറമെ അദ്ദേഹം വിദ്യാർത്ഥികളോട് നിസ്തന്ദ്രമായി പെരുമാറുകയും ചെയ്തിരുന്നു. മൗലാനാ അബ്ദുല്ലാഹ് സാഹിബ് ഈ ഫൈനൽ ക്ലാസ്സിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തിയിരുന്നു.

അക്കാലങ്ങളിൽ മദ്രസ്സ അഹ്മദിയ്യായിൽ പഠിപ്പിക്കുന്ന ഉസ്താദന്മാരെല്ലാം അതുല്യരായ വ്യക്തികളായിരുന്നു. ഹദ്റത്ത് മൗലാനാ സർവർശാഹ് സാഹിബ്(റ), ഹദ്റത്ത് ഖാസി അമീർ ഹുസൈൻ സാഹിബ്(റ), ഹദ്റത്ത് മൗലാനാ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ), ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) എന്നിവർ അവരിൽ പ്രധാനികളത്രെ. ഈ മഹാത്മാക്കളായ ഉസ്താദന്മാരിൽനിന്നാണ് മൗലാനാ അബ്ദുല്ലാഹ് സാഹിബ് മലബാരിയും പഠനം നടത്തിയിരുന്നത്. അങ്ങനെ അദ്ദേഹം പെരുത്ത അറിവുമായി സ്വദേശത്തേക്കു മടങ്ങി.

ആലിമീങ്ങൾ ലോകത്ത് എത്രയോ ഉണ്ട്. എന്നാൽ, മർഹൂം മൗലാനാ സാഹിബ് അവർകൾ സമുന്നതമായ ആത്മീയ ജ്ഞാനമുള്ള ഒരു ആലിമായിരുന്നു; തഖ്‌വായോടുകൂടി ജീവിതം നയിച്ചുപോന്നിരുന്ന ഒരു ആലിം. ഞങ്ങളിരുവരും ഒന്നിച്ചു താമസിച്ചിട്ടുണ്ട്. സതീർത്ഥ്യരുമായിരുന്നു. വിദ്യാഭ്യാസകാര്യങ്ങളിൽ പരസ്പരം മത്സരിക്കുകയും ഒത്തുപരിശ്രമിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. സ്പോർട്സിലും മത്സരിച്ചു പോന്നിട്ടുണ്ട്. മൗലാനാ സാഹിബ് ഒരു മികച്ച ഹോക്കിപ്ലെയർ ആയിരുന്നു. എന്നാൽ, ഈ കാലങ്ങളിലും ഏത് നിലയിലും അദ്ദേഹം തഖ്‌വായുള്ള ഒരു അഹ്മദി ആലിം തന്നെയായിരുന്നു. മതകാര്യങ്ങളിൽ അദ്ദേഹത്തിന് വലിയ പ്രതിപത്തിയായിരുന്നു. തത്വചിന്തയും ഗവേഷണവും ആയിരുന്നു അദ്ദേഹത്തിന്റെ ആഹാരം. പഠനം പൂർത്തിയാക്കിയ ശേഷം ജീവിതകാലം മുഴുവനും മതസേവനത്തിലാണ് മുഴുകിയിരുന്നത്. മലബാറിൽ അറബിഭാഷയ്ക്ക് സവിശേഷമായ ഒരു സ്ഥാനമുണ്ട്. ആകയാൽ ശത്രുക്കളെ നേരിടുന്ന കാര്യത്തിൽ മർഹൂം മൗലാനായ്ക്ക് പ്രത്യേകം തയ്യാറെടുക്കേണ്ടി വന്നിരുന്നു. മണിക്കൂറുകളോളം പ്രസംഗിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. സത്യത്തിന്റെ വിരോധികൾക്കെതിരിൽ ആവേശത്തോടും വിശ്വാസദാർഢ്യത്തോടുംകൂടി പൊരുതാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. എഴുത്തിലും അത്രതന്നെ പ്രാവീണ്യം അദ്ദേഹം കരസ്ഥമാക്കിയിരുന്നു. എതിരാളിയുടെ ആക്രമണങ്ങൾക്ക് തക്കതായ മറുപടി എഴുതിക്കഴിയുന്നതുവരെ അദ്ദേഹം സ്വസ്ഥനാകുമായിരുന്നില്ല. ഞാൻ ഫലസ്തീനിലായിരുന്നപ്പോൾ അദ്ദേഹവുമായി കത്തിടപാടുകൾ നടത്തിപ്പോന്നിട്ടുണ്ട്. പാകിസ്ഥാൻ

(ശേഷം 8-ാം പേജിൽ)

(3-ാം പേജിൽനിന്ന്)

പള്ളികൾക്കുനേരെയുള്ള ആക്രമണം, പോലീസ് മർദ്ദനം, സാമൂഹിക ബഹിഷ്കരണം എന്നിവ തുടരുന്നു.

സെപ്തംബർ 27, 1974– രണ്ടാം ഭരണഘടനാ ഭേദഗതിയിലൂടെ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചു.

ഒക്ടോബർ 5, 1974– സർഗോദയിൽ കനത്ത അഹ്മദിയ്യാ വിരുദ്ധ കലാപം. ദിവസം മുഴുവനും അക്രമികൾ കൊല, കൊള്ള ഇവ തുടരുന്നു.

ജൂലൈ 5, 1977– ഭുട്ടോ നിഷ്ക്കാസനം ചെയ്യപ്പെട്ടു. ജനറൽ സിയാവുൽ ഹഖ് ഭരണം പിടിച്ചെടുത്തു.

1978– അഹ്മദികൾക്ക് പ്രത്യേക തിരഞ്ഞെടുപ്പ് ചട്ടം. ഇതനുസരിച്ച് പൊതു സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യാൻ അഹ്മദികൾക്ക് സാധിക്കില്ല. അഹ്മദികൾ ഒന്നടങ്കം ദേശീയ രാഷ്ട്രീയത്തിൽനിന്ന് പിന്മാറുന്നു.

1979– ഡോ. അബ്ദുസ്സലാമിന് നോബൽ സമ്മാനം

ഏപ്രിൽ 14, 1979– ഭൂട്ടോ തൂക്കിലേറ്റപ്പെട്ടു.

1980– ദേശീയ ശരീഅത്ത് കോടതി സ്ഥാപിതമായി.

1980– സിന്ധിൽ ഇടവേളകളിൽ അഹ്മദികൾ വധിക്കപ്പെട്ടു.

1980– പാക്കിസ്ഥാൻ പാസ്പോർട്ടുകളിൽ മതം സൂചിപ്പിക്കുന്ന പരാമർശം ഉൾപ്പെടുത്തുന്നു. പാസ്പോർട്ടിന് അപേക്ഷിക്കുന്ന മുസ്‌ലിംകൾ മുഹമ്മദ്(സ)യെ അന്ത്യപ്രവാചകനായി വിശ്വസിക്കുന്നുവെന്ന് പ്രതിജ്ഞ നല്കണം. കൂടാതെ മിർസാ ഗുലാം അഹ്മദ്(അ)നെ വ്യാജനബിയെന്ന് പ്രഖ്യാപിക്കുകയും വേണം.

നവംബർ 10, 1981– ഇസ്ലാമിക് ഐഡിയോളജി കൗൺസിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിൽ പ്രവേശിക്കുന്നവർക്ക് ധർമ്മത്യാഗത്തിന് മരണശിക്ഷ നല്കണമെന്ന് ഗവർമെന്റിനോട് ശുപാർശ ചെയ്തു.

നവംബർ 25, 1981– വിശ്വാസത്തെ അധികരിച്ചുള്ള അസഹിഷ്ണുതയേയും, വിവേചനത്തേയും അവസാനിപ്പിക്കാനുള്ള യു.എൻ. പ്രഖ്യാപനം.

(തുടരും)

## ഖുർആൻ

"നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചുതരുന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി (3:104).

## നബിവചനം

"ദ്രോഹിക്കപ്പെട്ട ഒരുവന്റെ വിലാപത്തെത്തൊട്ട് സൂക്ഷിച്ചുകൊൾക. എന്തെന്നാൽ, അവൻ അല്ലാഹുവിനോട് അവന്റെ അവകാശത്തിന്നാണ് ചോദിക്കുന്നത്. അല്ലാഹു ആരുടേയും അവകാശം നിഷേധിക്കുന്നില്ല. ദ്രോഹിക്കപ്പെട്ട ഒരുവന്റെ നിലവിളിയെതൊട്ട് സ്വയം കാത്തുകൊൾവിൻ. അത് തീപ്പൊരിപോലെ ആകാശത്തേക്കുയരും."

## യുഗശബ്ദം



അല്ലയോ ജനങ്ങളെ ദീനിനെ രക്ഷിക്കുന്നതിനുവേണ്ടി ഒരാൾ അയക്കപ്പെട്ടിരിക്കുകയാണ്. എങ്കിലും നിങ്ങൾ അയാളെ തിരിച്ചറിഞ്ഞില്ല! ആ ആൾ നിങ്ങളുടെ ഇടയിൽത്തന്നെയുണ്ട്. നിങ്ങളോട് സംസാരിക്കുന്നയാൾ അദ്ദേഹം തന്നെയാകുന്നു. നിങ്ങളുടെ നേത്രങ്ങളിൽ കനത്ത തിരശ്ശീല വീണിരിക്കുകയാണ്. നിങ്ങളുടെ ഹൃദയം സത്യം തിരയുന്നുവെങ്കിൽ അല്ലാഹുവുമായി സംസാരിക്കുന്നു എന്ന് വാദിക്കുന്ന ആ ആളെ പരീക്ഷിച്ചറിയുക വളരെ എളുപ്പമാണ്. അദ്ദേഹത്തിന്റെ സേവനത്തിന്നായി മുന്നോട്ടുവരുവിൻ. അദ്ദേഹത്തിന്റെ സന്നിധിയിൽ രണ്ട് മൂന്ന് ആഴ്ചകൾ താമസിക്കുവിൻ. അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ അദ്ദേഹത്തിൽ വർഷിച്ചുകൊണ്ടിരിക്കുന്ന ആത്മീയാനുഗ്രഹങ്ങളും അദ്ദേഹത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന സത്യമായ വെളിപാടുകളുടെ പ്രകാശങ്ങളും നിങ്ങൾ സ്വയം കണ്ണുകൊണ്ട് കണ്ടറിഞ്ഞുകൊള്ളുവിൻ. തിരയുന്നവനാരോ അവനാണ് കണ്ടെത്തുക. മുട്ടുന്നവനാരോ അവനുവേണ്ടിയാണ് വാതിൽ തുറക്കപ്പെടുക. നിങ്ങൾ കണ്ണടച്ചുകൊണ്ട് ഇരുട്ടുനിറഞ്ഞ മുറിയിൽ അടച്ചുപൂട്ടി സൂര്യൻ എവിടെയെന്നു ചോദിക്കുന്നു. അത് നിങ്ങളുടെ അർത്ഥമില്ലാത്ത ആക്ഷേപം മാത്രമാണ്. അല്ലയോ വിവരംകെട്ടവരേ, നിങ്ങൾ നിങ്ങളുടെ മുറിയുടെ വാതിലുകൾ തുറന്നിടുക. കണ്ണിന്റെ മറ നീക്കുക. നിങ്ങൾക്കപ്പോൾ സൂര്യനെ കാണാം. മാത്രമല്ല, അതിന്റെ വെളിച്ചം മുഖേന നിങ്ങളും പ്രശോഭിതരായിത്തീരും.

സംഘടനകൾ സ്ഥാപിക്കുകയും മദ്രസ്സകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുറക്കുകയും ചെയ്താൽ ഇസ്‌ലാമിന്റെ സഹായമായിത്തീരുമെന്ന് ചിലർ പറയുന്നു. എന്നാൽ, ദീൻ എന്താണെന്ന് അവർക്കറിയില്ല. നമ്മുടെ ജീവിതത്തിന്റെ അന്തിമലക്ഷ്യമെന്താണെന്നും ഏതെല്ലാം വഴികളിലൂടെ ആ ലക്ഷ്യം കൈവരിക്കാമെന്നും അവർക്കറിയില്ല. തന്നിമിത്തം ഈ ലോകജീവിതത്തിന്റെ അന്തിമലക്ഷ്യം ദൈവവുമായി ആത്മാർത്ഥവും സുദൃഢവുമായ ബന്ധം സ്ഥാപിക്കുക എന്നതാണെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. ആ ബന്ധമാകട്ടെ, ശാരീരികമായ ബന്ധങ്ങളിൽനിന്ന് മുക്തി നേടിക്കൊണ്ട് രക്ഷയുടെ പ്രഭവസ്ഥാനത്തേക്ക് എത്തിക്കുന്നതാവണം. ഈ ദൃഢവിശ്വാസത്തിന്റെ വഴികൾ മനുഷ്യനിർമ്മിതമായ കപടതന്ത്രങ്ങളും സൂത്രങ്ങളുംകൊണ്ട് തുറന്നുകിട്ടുകയില്ല. മനുഷ്യനിർമ്മിതമായ തത്വശാസ്ത്രങ്ങൾ ഇവിടെ ഒരു പ്രയോജനവും ചെയ്യില്ല. മറിച്ച്, ഈ വെളിച്ചം എക്കാലത്തും ദൈവം അവന്റെ വിശിഷ്ടദാസർ മുഖേന അധർമ്മകാലങ്ങളിൽ സ്വർഗ്ഗത്തുനിന്ന് ഇറക്കുന്നതാണ്. സ്വർഗ്ഗത്തുനിന്ന് ഇറങ്ങിവന്ന ആളാണ് സ്വർഗ്ഗത്തേക്ക് കൊണ്ടുപോവുക.

അല്ലയോ ജനങ്ങളേ, നിങ്ങളുടെ യഥാർത്ഥ ആരാധ്യനെ തിരിച്ചറിയുന്നതിനും അനുസരിക്കുന്നതിനുമായിട്ടാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നിങ്ങളുടെ സൃഷ്ടിപ്പിന്റെ മൂലകാരണമായിട്ടുള്ളതെന്തോ, അത് നിങ്ങൾക്ക് സുതരാം വെളിപ്പെടുന്നതുവരെ നിങ്ങൾ രക്ഷയുടെ മാർഗ്ഗത്തിൽനിന്ന് വളരെ വളരെ അകലെയായിരിക്കും. നശ്വരവും അഗണ്യവുമായ കാര്യങ്ങളിൽ മോഹിച്ചു നിങ്ങൾ ദിനരാത്രങ്ങൾ തലയിട്ടടിക്കുന്നു. നിങ്ങളുടെ സകല ആശകൾക്കും ഒറ്റയടിക്ക് അവസാനമിടുന്ന ഒരുവേള എന്തായാലും വന്നെത്താനുണ്ടെന്ന് നിങ്ങൾക്കറിയാമോ? നിങ്ങളിൽ വ്യാപിച്ചിരിക്കുന്ന ലജ്ജാവഹങ്ങളായ ആ എല്ലാ കുറ്റങ്ങളോടുമൊപ്പം ദിവ്യമായ പ്രകാശവും സ്വർഗ്ഗീയമായ സംവിധാനവും ആവിശ്യമില്ലെന്നും നിങ്ങൾ പറയുന്നു. നിങ്ങൾ അതിന്റെ നേരെ കടുത്തശത്രുത പുലർത്തുന്നു. അല്ലാഹുവിന്റെ ദിവ്യപ്രസ്ഥാനത്തെ വളരെ ദുർബലമെന്ന് നിങ്ങൾ കരുതിയിരിക്കുകയാണ്. അതിനെപ്പറ്റി സംസാരിക്കുമ്പോൾ നിങ്ങളുടെ നാവുകളെ നിന്ദാവഹമായ വാക്കുകളിൽ അഹങ്കാരത്തോടും അവജ്ഞയോടുംകൂടി ചലിപ്പിക്കുകയും അതിനെ അപഹസിക്കുകയും ചെയ്യാൻ നിങ്ങൾ ധൃഷ്ടരാകുന്നു. ഈ പ്രസ്ഥാനം അല്ലാഹുവിൽനിന്നുള്ളതാണെന്ന് എന്തിന് കരുതണമെന്ന് നിങ്ങൾ ആവർത്തിച്ചാവർത്തിച്ച് ചോദിക്കുന്നു. ഞാൻ അതിനുള്ള മറുപടി നൽകിക്കഴിഞ്ഞു. ഈ വൃക്ഷത്തെ ഇതിന്റെ ഫലങ്ങൾ നോക്കിയും ഈ നക്ഷത്രത്തെ ഇതിന്റെ തിളക്കം നോക്കിയും തിരിച്ചറിഞ്ഞുകൊള്ളണമെന്നാണ് എനിക്ക് പറയാനുള്ള മറുപടി. ഞാൻ ഒരിക്കൽ ഈ സന്ദേശം നിങ്ങൾക്ക് എത്തിച്ചുകഴിഞ്ഞു. ഇനി അതിനെ തള്ളുകയോ കൊള്ളുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം! എന്റെ വാക്കുകൾ നിങ്ങൾ ഓർമ്മവച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങൾ സ്മൃതിതലത്തിൽനിന്ന് മായിച്ചുകളയുവിൻ! നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്.

# അഞ്ചാം ഖിലാഫത്ത്; ഒരു മാർഗ്ഗദീപം

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു) 1950 സെപ്തംബർ 15-ന് പാക്കിസ്ഥാനിലെ റബ്‌വയിലാണ് ജനിച്ചത്. വാഗ്ദത്ത മസീഹ്(അ)ന്റെ ഇളയമകനായിരുന്ന മിർസാ ശരീഫ് അഹ്മദ് സാഹിബി(റ)ന്റെ ചെറുമകനായ ഹുസൂർ മിർസാ മൻസൂർ അഹ്മദ് സാഹിബിന്റേയും സാഹിബ്സാദി നാസിറാ ബീഗം സാഹിബയുടേയും പുത്രനാണ്. കൂടാതെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ(റഹ്) സാഹിബിന്റെ മാതൃബന്ധത്തിലുള്ള ചെറുമകൻ കൂടിയാണ്. പ്രാഥമിക വിദ്യാഭ്യാസം റബ്‌വയിലെ തഅ്‌ലിമുൽ ഇസ്‌ലാം ഹൈസ്കൂളിൽ നിന്നും ബി.എ ഡിഗ്രി തഅ്‌ലീമുൽ ഇസ്‌ലാം കോളേജ്, റബ്‌വയിൽ നിന്നും നേടി. 1976-ൽ അഗ്രിക്കൾച്ചറൽ ഇക്കണോമിക്സിൽ ഫൈസലാബാദ് കാർഷിക സർവകലാശാലയിൽനിന്നും എം.എസ്.സി ബിരുദം നേടി. 1977 ജനുവരി 31-ന് സയ്യിദ് ഭൗദ് മുസഫർ സാഹിബിന്റേയും അമത്തുൽ ഹക്കീം സാഹിബയുടേയും പുത്രിയായ സയ്യിദ അമത്തുൽ സബൂഹ് ബീഗം സാഹിബയെ വിവാഹം ചെയ്തു. ഖലീഫത്തുൽ മസീഹിന് രണ്ട് മക്കളാണുള്ളത്. മകളായ അമത്തുൽ വാരിസ് ഫത്തേഹ് സാഹിബയെ ഫത്തേഹ് അഹ്മദ് ദാഹിരി സാഹിബ് വിവാഹം ചെയ്തു. ഇവർക്ക് ഒരു പുത്രനും പുത്രിയും ഉണ്ട്. ഹുസൂറിന്റെ രണ്ടാമത്തെ മകനായ മിർസാ വഖാസ് അഹ്മദ് സാഹിബ് ഇപ്പോൾ ഇംഗ്ലണ്ടിൽ അക്കൗണ്ടൻസി പഠിച്ചുവരുന്നു.

17-ാം വയസ്സിൽതന്നെ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) സാഹിബ് വസിയ്യത്ത് ചെയ്തു. 1977-ൽ 27-ാമത്തെ വയസ്സിൽ ജീവിതം വഖ്ഫ് ചെയ്യുകയും മൂന്നാം ഖലീഫയുടെ നിർദ്ദേശപ്രകാരം നുസ്റത്ത് ജഹാൻ സ്കീം നടപ്പിലാക്കുന്നതിനായി ഘാനയിലേക്ക് പോകുകയും ചെയ്തു. ഘാനയുടെ വടക്കൻ പ്രവിശ്യയായ സലാഗയിലെ അഹ്മദിയ്യാ സെക്കണ്ടറി സ്കൂളിന്റെ സ്ഥാപക പ്രിൻസിപ്പാളായി രണ്ടുവർഷം സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹം ഘാനയിലെത്തന്നെ എസ്സാർകീറിലെ അഹ്മദിയ്യാ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പാളായി 4 വർഷം ജോലി ചെയ്തു. പിന്നീട് അദ്ദേഹം ഘാനയുടെ വടക്കൻ പ്രവിശ്യയിലെ ദീപാളിയിലെ അഹ്മദിയ്യാ അഗ്രിക്കൾച്ചർ ഫാമിൽ മാനേജറായി നിയമിക്കപ്പെട്ടു. ഘാനയിൽ ഗോതമ്പ് വിളയാത്തതിനെക്കുറിച്ച് അഹ്മദിയായ ഖാസിം അഹ്മദ് സാഹിബിനോടൊപ്പം ദീർഘകാലം പഠിക്കുകയും അവസാനം ഘാന ഇന്റർനാഷനൽ ഫെയറിൽവച്ച് ഗോതമ്പ് ചെടി നടുന്നതിനും, വിളയിക്കുന്നതിനും അവർ പരീക്ഷണങ്ങളിലൂടെ കണ്ടുപിടിച്ച തിസീസ് അവതരിപ്പിക്കുകയും ചെയ്തു. ഘാനയുടെ സമ്പദ്ഘടനയെത്തന്നെ മാറ്റിമറിച്ച ഈ കണ്ടുപിടിത്തത്തെതുടർന്ന് ഘാന പ്രസിഡണ്ട് അഹ്മദിയ്യാ ജമാഅത്തിനെ പ്രത്യേകം പ്രശംസിച്ചു. 1985-ൽ അദ്ദേഹം പാക്കിസ്ഥാനിലേക്ക് മടങ്ങിപ്പോവുകയും വക്കീലുൽമാൽ രണ്ടാമനായി നിയമിക്കപ്പെടുകയും ചെയ്തു. 1988-ൽ ബിഹ്ശ്തീ മഖ്ബറയുടെയും, മജ്‌ലിസ് കർപർദാസ് മസലിയാ ഖബർസ്ഥാന്റെയും സദ്ർ സ്ഥാനം നല്കപ്പെട്ടു.

1976-77 വർഷത്തെ പാക്കിസ്ഥാൻ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സിഹ്ഹത്തെ-ജിസ്മാനി സെക്രട്ടറിയും, 84-85 വർഷത്തിൽ തജ്നീദ് സെക്രട്ടറിയായും 1985-89 വർഷത്തിൽ വിദേശകാര്യ സെക്രട്ടറിയായും 89-90-ൽ നായിബ് സദ്റായും സേവനമനുഷ്ഠിച്ചു.

മജ്‌ലിസ് അൻസാറുല്ലാഹ് ഘടകത്തിൽ 1995-ൽ സഹാനത്ത്, സിഹ്ഹത്തെ-ജിസ്മാനി സെക്രട്ടറിയായും 1995-97-ൽ തഅ്‌ലിമുൽ ഖുർആൻ സെക്രട്ടറിയായും പ്രവർത്തിച്ചു. 1994 ജൂണിൽ പാക്കിസ്ഥാനിലെ നാസിർ, തഅ്‌ലിം ആയി നിയമിക്കപ്പെട്ടു. 1997 ഡിസംബർ 10-ന് അദ്ദേഹത്തെ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ പാക്കിസ്ഥാന്റെ നാസിർ അഅ്‌ലയായി ഖലീഫത്തുൽ മസീഹ് റാബിഅ് നിയമിച്ചു.

1999-ൽ മതനിന്ദാ കുറ്റം ചുമത്തി മറ്റ് മൂന്ന് പേരോടൊപ്പം പാക്കിസ്ഥാൻ നാസിർ -അഅ്‌ലയായിരുന്ന ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ അറസ്റ്റ് ചെയ്തു. പാക്കിസ്ഥാൻ പീനൽകോഡിലെ ജീവപര്യന്തം തടവുശിക്ഷവരെ ലഭിക്കാവുന്ന 295-ബി വകുപ്പ് പ്രകാരം (വിശുദ്ധഖുർആനെ അനാദരിക്കൽ)മായിരുന്നു അറസ്റ്റ്. ചീനിയോട്ട് ജില്ലാ സെഷൻസ് കോടതി ജാമ്യാപേക്ഷ നിരസിക്കുകയും ഹുസൂറിനേയും മറ്റുള്ളവരേയും ജയിലലടക്കുകയും ചെയ്തു. 1999 ഏപ്രിൽ 30 മുതൽ 99 മെയ് 10 വരെ അദ്ദേഹം ജയിലിൽ കഴിഞ്ഞു. മെയ് 10-ന് അദ്ദേഹത്തെ വിട്ടയച്ചു. ഈ അറസ്റ്റിനെക്കുറിച്ച് ലാഹോറിലെ പ്രമുഖ പത്രമായ 'നവായ് വഖ്ത്' ഇപ്രകാരം പ്രതികരിച്ചു.

"പാക്കിസ്ഥാനിലെ

(ശേഷം 7-ാം പേജിൽ)

---

(5-ാം പേജിൽ നിന്ന്)

ഗോധ്രയിൽ നടന്ന തീവെപ്പ് മുസ്‌ലിംകളുടെ തലയിലിട്ടതുതന്നെ വരാനിരുന്ന നരഹത്യയുടെ മുന്നോടായിയിരുന്നുവെന്ന് അന്വേഷണ റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുസ്‌ലിംകളെ എന്തും ചെയ്യാൻ മൂന്ന് ദിവസം മുഖ്യമന്ത്രി നരേന്ദ്രമോഡി ഞങ്ങൾക്ക് സമയം നല്കിയെന്ന് തുറന്നു പറഞ്ഞിട്ടുള്ളത് അക്രമണങ്ങൾക്ക് നേതൃത്വം നല്കിയ ഹിന്ദുഭീകരസംഘടനാ നേതാക്കൾ തന്നെയാണ്. ഒളിക്യാമറയുടെയും ആറുമാസം നീണ്ടുനിന്ന രഹസ്യാന്വേഷണ പരമ്പരകളുടെയും അവസാനം തെഹൽക്ക പുറത്തുവിട്ട വിവരങ്ങൾ എല്ലാംതന്നെ ആക്രമത്തിൽ പങ്കെടുത്ത ഹിന്ദുനേതാക്കൾ പ്രസ്താവിച്ചിട്ടുള്ളതാണെന്നുള്ളത് തെളിവുകളുടെ വിശ്വസനീയത കൂട്ടുന്നു. ബോംബ് സ്ഫോടനങ്ങളുടേയും റോക്കറ്റാക്രമണങ്ങളുടേയും പിതൃത്വം ഇന്ത്യയിൽ മുസ്‌ലിംകളുടെ തലയിൽ മുമ്പേതന്നെ കെട്ടിവെച്ചിട്ടുള്ളതാണ്. എന്നാൽ, തോക്കും ബോംബും റോക്കറ്റ് ലോഞ്ചറുകളും ബജ്രംഗ്ദൾ ദേശീയ കോ-ഓർഡിനേറ്ററും ഗോധ്ര എം.എൽ.എയുമായ ഹരേഷ് ഭട്ടിന്റെ പടക്കനിർമ്മാണശാലയിൽ നിർമ്മിക്കുകയും രണ്ട് ട്രക്ക് നിറയെ വാളുകൾ പഞ്ചാബിൽനിന്ന് ഇറക്കുമതി ചെയ്യുകയും ചെയ്തതായുള്ള വെളിപ്പെടുത്തലുകൾ ഹിന്ദുഭീകരതയുടെ രൗദ്രഭാവം എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

2000ത്തോളം മുസ്‌ലിംകളെ കൊലപ്പെടുത്തിയെന്നതാണ് അനൗദ്യോഗിക കണക്ക്. VHP, RSS, ബജ്രംഗ്ദൾ, ശിവസേന, വിവിധ ഗോത്രസംഘടനകൾ എന്നിവ കൊലപ്പെടുത്തിയ മുസ്‌ലിംകളുടെ എണ്ണത്തിൽ പരസ്പരം മത്സരിക്കുകയായിരുന്നുവത്രെ. സബർക്കന്ത ജില്ലയിൽ 500 മുസ്‌ലിംകളെയെങ്കിലും കൊല്ലുമെന്നും അല്ലെങ്കിൽ സ്ഥാനം ഉപേക്ഷിക്കുമെന്നും ശപഥം ചെയ്തതായി VHP വിഭാഗ് പ്രമുഖ് അനിൽപട്ടേൽ വെളിപ്പെടുത്തി. പട്ടേലിന്റെ സ്വന്തം ഗ്രാമമായ ധൻസൂറയിൽ മാത്രം 126 മുസ്‌ലിം വീടുകളാണ് കത്തിച്ചുചാമ്പലാക്കിയത്. സർക്കാർ സർവീസിലുണ്ടായിരുന്ന പ്രമുഖ മുസ്‌ലിം ഉദ്യോഗസ്ഥരെ തെരഞ്ഞുപിടിച്ചുകൊല്ലുകയായിരുന്നു. ഫാസിസത്തിന്റെ തേരോട്ടത്തിൽ ഭരണകൂടം അക്രമകാരികളാകുമെന്നത് രാഷ്ട്രമീമാംസയാണ്. ഗുജറാത്തിൽ പലയിടത്തും മുസ്‌ലിംകളെ വെടിവെച്ചുകൊന്നത് പോലീസായിരുന്നു. പോലീസ് സ്റ്റേഷനിൽ അഭയം പ്രാപിച്ച നൂറുകണക്കിന് മുസ്‌ലിംസ്ത്രീകളെ ബലാത്സംഗത്തിന് മാത്രമായി നിയോഗിക്കപ്പെട്ട 'ഹൈന്ദവ ദേശഭക്ത'ർക്ക് മുന്നിൽ എറിഞ്ഞുകൊടുത്തത് പോലീസുകാർ തന്നെയായിരുന്നുവെന്നത് ഹിറ്റ്ലറുടെ ഭരണരീതിയെ അനുസ്മരിപ്പിക്കുന്നു. നരോദ, ഗുൽബർഗ്, ദാരിയാപൂർ, വഡോദര..... മുസ്‌ലിംകളുടെ മൃതദേഹങ്ങൾ കുമിഞ്ഞുകൂടിയ സ്ഥലങ്ങളുടെ പട്ടിക ഇനിയുമേറെയാണ്.

കോയമ്പത്തൂർ സ്ഫോടനത്തിൽ മരണപ്പെട്ടവർ 56 ആണ്. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട മുസ്‌ലിംകൾ 42 എണ്ണം. 6-ാം പ്രതിയുടെ തടവ് 138 വർഷം.

ഗുജറാത്തിൽ കൊല്ലപ്പെട്ടവർ രണ്ടായിരത്തിലധികം. അറസ്റ്റ് ചെയ്യപ്പെട്ടവർ വിരലിലെണ്ണാവുന്നവർ മാത്രം. ശിക്ഷിക്കപ്പെട്ടവർ ആരുമില്ല. ഇപ്പോൾ നടത്തിയ വെളിപ്പെടുത്തലുകളിൽ മുഖ്യപ്രതി മുഖ്യമന്ത്രി തന്നെ. സാമാന്യചിന്തകൾ മോഡിയുടെ സ്ഥാനം ജയിലറയാണെന്ന് വിശ്വസിക്കുന്നു. എന്നാൽ, ജിഡിഷ്യറിയെപ്പോലും വരുതിയിലാക്കിയിട്ടുള്ള സംഘ്പരിവാറിന് ഭയപ്പെടാനൊന്നുമില്ല. 1921-ൽ മലബാറിൽ തുടങ്ങി ബാബ്റീ മസ്ജിദിലൂടെ, ഭഗൽപൂർ, ദീറവണ്ടി, കാൺപൂർ, ലക്നോ, കോയമ്പത്തൂരിലൂടെ, അദ്വാനിയുടെ രഥയാത്രയിലൂടെ നടപ്പിലാക്കി അവാസനം ഗുജറാത്ത് വരെയെത്തിയിരിക്കുന്ന പരീക്ഷണങ്ങൾ ഇനിയും ആവർത്തിക്കപ്പെടുമെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, മുസ്‌ലിംകൾ വർഗ്ഗീയ ധ്രുവീകരണത്തിലേക്ക് മാറുന്നത് തടയണമെങ്കിൽ ഭാരതീയ സമൂഹം ജാഗ്രത പാലിച്ചേ മതിയാകൂ.

# ആതുരസേവനരംഗത്ത് വിനയപൂർവ്വം



എറണാകുളം: സൗത്ത്കേരള മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഈദുൽഫിത്വർ ദിനത്തിൽ പള്ളുരുത്തി അഗതിമന്ദിരം സന്ദർശിച്ചു. എറണാകുളം, പള്ളുരുത്തി ജമാഅത്തുകളിലെ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന സംഘമാണ് സന്ദർശനം നടത്തിയത്. 380 ഓളം ആളുകൾ ഇവിടെ മാറാരോഗങ്ങളും, മാനസികവൈകല്യങ്ങളും ബാധിച്ച് അശരണരായി കഴിയുകയാണ്. പെരുന്നാൾ ദിനത്തിൽ സാന്ത്വനവുമായി എത്തിയ അഹ്മദി സഹോദരങ്ങൾ ഹൃദനൊമ്പരമുണർത്തുന്ന ഇവരുടെ കാഴ്ചയിൽ തപ്തരായി. മുഴുവൻ അന്തേവാസികളും ബിരിയാണിയും മധുരപലഹാരങ്ങളും നല്കിയ ജമാഅത്തംഗങ്ങൾ സാധുക്കൾക്കായി വസ്ത്രങ്ങളും കരുതിയിരുന്നു. പരിപാടികൾക്ക് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് എറണാകുളം മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് എന്നിവർ നേതൃത്വം നല്കി. പരിപാടിക്കുള്ള സാമ്പത്തിക സഹായം ഖുദ്ദാമുൽ അഹ്മദിയ്യായുടെ മുൻ സംസ്ഥാന ഖാഇദ് സജിത്ത് പടിയത്ത് സാഹിബ് ആണ് നിർവ്വഹിച്ചത്.



# മതസ്വാതന്ത്ര്യവും ബൾഗേറിയായും

അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ജനാധിപത്യത്തിനും, മനുഷ്യാവകാശത്തിനും, തൊഴിലിനും വേണ്ടിയുള്ള ബ്യാറോ അതിന്റെ വാർഷിക അന്താരാഷ്ട്ര മതസ്വാതന്ത്ര്യ റിപ്പോർട്ട് 2007 സെപ്തംബർ 14-ന് പ്രസിദ്ധപ്പെടുത്തി. ഈ റിപ്പോർട്ടിൽ മുൻ കമ്മ്യൂണിസ്റ്റ് രാജ്യമായ ബൾഗേറിയയിലെ ചില വിവേചനങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട്. ഈ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് അഹ്മദിയ്യാ ജമാഅത്ത് ബൾഗേറിയയിൽ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റിയും പരാമർശമുണ്ട്. റിപ്പോർട്ടിൽ നിന്ന്–

ബൾഗേറിയൻ ഭരണഘടന മതസ്വാതന്ത്ര്യം ഉറപ്പ് നല്കുന്നുണ്ട്. എന്നാൽ, രജിസ്റ്റർ ചെയ്യാത്ത സംഘടനകളുടെ മതസ്വാതന്ത്ര്യം നിഷേധിച്ചിട്ടുണ്ട്. ഔദ്യോഗിക-പാരമ്പര്യ പിൻബലം കിഴക്കൻ ഓർത്തോഡക്സ് ക്രിസ്തീയ വിശ്വാസത്തിനാണ്. നിയമമനുസരിച്ച് ബൾഗേറിയൻ ഓർത്തോഡക്സ് സഭ ഒഴികെയുള്ള എല്ലാ മതവിഭാഗങ്ങളും സോഫിയാ സിറ്റി കോർട്ടിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇവിടെ പരിഗണിക്കപ്പെടാത്ത അപേക്ഷകൾക്ക് അപ്പീൽ പോകാൻ അവസരമുണ്ട്. ഇക്കാര്യങ്ങളെ നിയന്ത്രിക്കുന്നത് മതപരമായ കാര്യങ്ങൾക്കുള്ള ഡയരക്ടറേറ്റാണ്. 2002-ൽ പാസ്സാക്കിയ ഒരു നിയമത്തിലൂടെ രജിസ്ട്രേഷൻ നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

പല ന്യൂനപക്ഷ മതവിഭാഗക്കാർക്കും ഈ നിയമങ്ങൾ കാരണം ബൾഗേറിയയിൽ പ്രശ്നങ്ങൾ നേരിടുന്നു. ക്രിസ്ത്യാനികൾക്കിടയിലെ തന്നെ ന്യൂനപക്ഷങ്ങളായ യഹോവ സാക്ഷികൾ, ഇവാബലിസ്റ്റുകൾ തുടങ്ങിയവർ ഇതിലുൾപ്പെടുന്നു. ബൾഗേറിയൻ നഗരമായ ബ്ലാഗോവ്ഗ്രാഡിലെ ഭരണകൂടം അവിടത്തെ അഹ്മദിയ്യാ സമൂഹത്തിന്നെതിരെ കേസെടുത്തത് ഇക്കൂട്ടത്തിലുള്ള ഒരു സംഗതിയായിരുന്നു. സോഫിയാ കോർട്ടിൽ രജിസ്ട്രേഷൻ അപേക്ഷ തള്ളിപ്പോയതായിരുന്നു കാരണം.

നിയമമനുസരിച്ച് സോഫിയ കോർട്ട് മതസംഘടനകളുടെ രജിസ്ട്രേഷൻ അപേക്ഷകൾ ബൾഗേറിയായിലെ ചീഫ് മുഫ്ത്തിക്ക് അഭിപ്രായത്തിന് വിടാറുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ അപേക്ഷ കണ്ടപ്പോൾ മുഫ്ത്തി എതിരഭിപ്രായം രേഖപ്പെടുത്തി. അങ്ങനെ രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടു. പിന്നീട് ജമാഅത്ത് ഗവർമ്മെന്റിതര സംഘടന എന്ന രീതിയിൽ രജിസ്ട്രേഷൻ നല്കാൻ അപേക്ഷിച്ചു. എന്നാൽ, ഗവർമ്മെന്റ് പ്രോസിക്യൂട്ടർ ഈ ആവശ്യത്തേയും എതിർത്തു. കാരണം പറഞ്ഞത്, എൻ.ജി.ഓ. എന്നതിലുപരിയായി അഹ്മദികൾ മതപരമായ ചടങ്ങുകൾ സംഘടിപ്പിക്കുന്നുവെന്നതാണ്. പിന്നീട് വീണ്ടും അഹ്മദിയ്യാ ജമാഅത്ത് സോഫിയ കോടതിയിൽ അപ്പീൽ നല്കിയിരുന്നു. ഈ അപ്പീലിൻ മേലുള്ള അന്തിമവിധി ഇതുവരെ വന്നിട്ടില്ല. എന്നാൽ, മതപരമായ കാര്യങ്ങൾക്കായുള്ള ഡയരക്ടറേറ്റ് അഹ്മദികളുടെ രജിസ്ട്രേഷൻ അപേക്ഷയെ എതിർക്കുകയാണ് ചെയ്യുന്നത്.

ഈ ഡയരക്ടറേറ്റ് 2007 മെയ് 8-ന് പുറത്തിറക്കിയ റിപ്പോർട്ടനുസരിച്ച് അഹ്മദിയ്യാ മുസ്‌ലിംകൾക്ക് രജിസ്ട്രേഷൻ നല്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. കാരണം അഹ്മദികൾ യഥാർത്ഥ മുസ്‌ലിംകളാണോ എന്നുള്ള ഒരു തീരുമാനം ഡയരക്ടറേറ്റിന്റെ പരിധിയിൽ വരുന്നതല്ല എന്നതാണത്രെ. കൂടാതെ ഭൂരിപക്ഷ മുസ്‌ലിംകൾക്കിടയിൽ ജമാഅത്തിന് ലഭിക്കുന്ന രജിസ്ട്രേഷൻ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. അതായത് ഭൂരിപക്ഷ മുസ്‌ലിംകളുടെ വെറുപ്പ് സമ്പാദിച്ചുകൊണ്ട് അഹ്മദികൾക്കും, ഇതര ന്യൂനപക്ഷ വിഭാഗക്കാർക്കും ബൾഗേറിയയിൽ പ്രവർത്തനാനുമതി സാധ്യമാവുകയില്ല എന്നർത്ഥം.

## നിയമവീഥി

അൽഹഖിൽ നിയമപ്രശ്നങ്ങൾക്ക് ഉത്തരം നല്കുന്ന ഒരു പംക്തി ഉടൻ ആരംഭിക്കുന്നു. പ്രഗത്ഭ അഹ്മദി അഭിഭാഷകർ വായനക്കാരുടെ നിയമപരമായ സംശയങ്ങൾക്ക് ഉത്തരം നല്കുന്നു. ചോദ്യങ്ങൾ താഴെ പറയുന്ന വിലാസത്തിൽ അയക്കുക.

*വിലാസം:*

**എഡിറ്റർ,<br>അൽഹഖ്,<br>C/o അഹ്മദിയ്യാ കോംപ്ലക്സ്, ഫോർട്ട് റോഡ്,<br>കണ്ണൂർ– 1**

*(6-ാം പേജിൽനിന്ന്)*

അഹ്മദിയ്യാ മുസ്‌ലിം അധ്യക്ഷനെ അദ്ദേഹത്തിന്റെ മറ്റ് മൂന്ന് അനുചരോടൊപ്പം അറസ്റ്റ് ചെയ്തു. മതനിന്ദാ കുറ്റം ചുമത്തിയാണ് അറസ്റ്റ്. ഹൈക്കോടതിയിൽനിന്നും ലഭിച്ച ജാമ്യം റദ്ദാക്കിക്കൊണ്ടുള്ള അപൂർവ്വമായ ഒരു നടപടിയിലൂടെ ജില്ലാ സെഷൻസ് ജഡ്ജി ഇവരെ ജയിലിലടക്കാൻ ഉത്തരവിട്ടു. ഖത്മെനുബുവ്വത്ത് പ്രസ്ഥാന നേതാവായ മൗലവി മൻസൂർ ചീനിയോട്ടി, അദ്ദേഹത്തിന്റെ വെള്ളിയാഴ്ച ഖുത്ബയിൽ സർക്കാർ വക്കീലിനേയും അഹ്മദിയ്യാ നേതാക്കളെ ജയിലിലടച്ച ജഡ്ജിയേയും പ്രശംസിക്കുകയും സർക്കാർ വക്കീലിനെ സ്വന്തം ചെലവിൽ സൗദിയിലേക്ക് ഉംറ ചെയ്യാൻ അയക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അനൗദ്യോഗിക റിപ്പോർട്ടുകൾ പ്രകാരം സൗദി അറേബ്യൻ സർക്കാർ അഹ്മദിയ്യാ നേതാവിനെ അറസ്റ്റ് ചെയ്യുന്നതിൽ പങ്കുവഹിച്ച എല്ലാ പോലീസ് ഉദ്യോഗസ്ഥരേയും ജഡ്ജിയുൾപ്പെടെയുള്ള കോടതി ജീവനക്കാരേയും സർക്കാർ അതിഥികളായി ഉംറക്ക് ക്ഷണിച്ചിട്ടുണ്ടെന്ന് അറിയുന്നു."

2003 ഏപ്രിൽ രാത്രി 11.40-ന് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫയായി തെരഞ്ഞെടുത്തുകൊണ്ടുള്ള സന്ദേശം മജ്‌ലിസ് ശൂറാ സെക്രട്ടറി ജനാബ് അതാഉൽ മുജീഹ് റഷീദ് സാഹിബ് വായിച്ചു.

*(3-ാം പേജിൽനിന്ന്)*

ത്താൽ ബയ്അത്ത് ചെയ്തിട്ടുള്ളവരുടെ സംഖ്യ എഴുപതിനായിരത്തിന്നടുത്തെത്തിയിരിക്കുന്നു. പറയുന്നു: ഇതെന്റെ ശ്രമമൊന്നുമല്ല. മറിച്ച്, ആകാശത്തിൽനിന്നടിച്ച കാറ്റിന്റെ ഫലമായി ആളുകൾ എന്നിലേക്കോടി. ഇനി ഈ ആളുകൾ സ്വയം ചിന്തിക്കട്ടെ, ഈ ജമാഅത്തിനെ നശിപ്പിക്കാൻ അവർ എത്രമാത്രം ശക്തമായി ആഞ്ഞടിച്ചു. എല്ലാത്തരം തന്ത്രങ്ങളും പ്രയോഗിച്ചു. ഭരണകർത്താക്കളെ കളവ് പറഞ്ഞ് തെറ്റുധരിപ്പിച്ചു. എനിക്കെതിരെ കൊലപാതകക്കുറ്റം ചുമത്തി കള്ളക്കേസ് കൊടുത്തു. മുസ്‌ലിംകളെ എനിക്കെതിരിൽ ഇളക്കിവിട്ടു. ആയിരക്കണക്കിന് നോട്ടീസുകളും ലഘുലേഖകളും ഫത്വകളും എനിക്കെതിരെ എഴുതി പ്രസിദ്ധീകരിച്ചു. എനിക്കെതിരിൽ പ്രവർത്തിക്കുന്നതിന് സംഘടനകൾ രൂപീകരിച്ചു. പക്ഷേ, ഇതെല്ലാത്തിന്റേയും ഫലം പരാജയമല്ലാതെ മറ്റെന്തെങ്കിലും ഉണ്ടായോ? എന്റെ ഈ പ്രവർത്തനങ്ങളെല്ലാം മനുഷ്യനിർമ്മിതമായിരുന്നെങ്കിൽ, തീർച്ചയായും അവരുടെ പരിശ്രമംകൊണ്ട് ഈ ജമാഅത്ത് മുഴുവൻ നശിച്ചുപോകുമായിരുന്നു. ഇത്രമാത്രം പ്രചാരണം ഏതെങ്കിലും കള്ളപ്രവാചകനെതിരിൽ നടത്തിയിട്ടുള്ളതായി ആർക്കെങ്കിലും തെളിവ് നല്കാൻ പറ്റുമോ? എന്നിട്ട് അവർ നശിക്കാതിരുന്ന ചരിത്രം കാണിച്ചുതരാമോ? അവർ തങ്ങളുടെ പ്രവർത്തനങ്ങളിൽ ആദ്യത്തേക്കാൾ അഭിവൃദ്ധിപ്പെട്ടതായി തെളിവ് നല്കാമോ? ഇത് മഹത്തായ അടയാളമല്ലേ? വിതയ്ക്കപ്പെട്ട വിത്ത് നശിപ്പിക്കാൻ വേണ്ടി കഠിന പരിശ്രമങ്ങൾ നടന്നു. ഭൂമിയ്ക്ക് മുകളിൽ അതിന്റെ അടയാളം പോലും ഉണ്ടാകരുതെന്ന നിലയിൽ പ്രവർത്തിച്ചു. എന്നാൽ, ആ വിത്ത് മുളച്ചു, പുഷ്പിച്ചു, ഒരു വൻമരമായി തീർന്നു. അതിന്റെ ശാഖകൾ ദൂരദൂരംവരെ എത്തി. ഇപ്പോൾ ആ മരം എത്രമാത്രം വളർന്നുവെന്നുവെച്ചാൽ, ആയിരക്കണക്കിന് പക്ഷികൾ അതിൽ ചേക്കേറുന്നു."

നമ്മുടെ ജോലി ഈമാൻ ശക്തിപ്പെടുത്തുന്നതിനും ഇതിൽ ഉറച്ചുനില്ക്കുന്നതിനും വേണ്ടി അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും, ആ അനുഗ്രഹങ്ങളിൽ നിന്നുള്ള രക്ഷയും വിജയവും കാണുന്നതിനായി ശക്തവാനായ അല്ലാഹുവിനെ വിളിക്കുകയും ചെയ്യുക എന്നതാണ്. തന്റെ നബിമാരോട് ചെയ്ത വാഗ്ദാനം എപ്പോഴും പുലർത്തി കാണിച്ചിട്ടുള്ളവനാണ് അവൻ. സത്യവാന്മാരായ സത്യവിശ്വാസികളോടും ഈ വാഗ്ദാനം അവൻ ചെയ്തിട്ടുണ്ട്. അവർക്കും അവൻ വിജയം നല്കും. അവൻ ഇന്നും തന്റെ വാഗ്ദാനം പൂർത്തിയാക്കി വിജയം നല്കി കാണിക്കും, കാണിച്ചുകൊണ്ടിരിക്കുന്നു. നാം എപ്പോഴും ഓർക്കണം, നമ്മുടെ വിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ)യുമായി ബന്ധപ്പെട്ടിരിക്കുന്നതിലൂടെയാണ് വിധിക്കപ്പെട്ടിരിക്കുന്നത്. കാലത്തിന്റെ ഇമാമിനോടൊപ്പം ഇരിക്കുന്നതുകൊണ്ടുമാത്രമേ എല്ലാ അന്തസ്സും ലഭിക്കുകയുള്ളൂ. കാരണം ഇദ്ദേഹം നബി(സ) തിരുമേനിയുടേയും സത്യസന്ധനായ ദാസനാണ്. ഇദ്ദേഹത്തോടൊപ്പം ബന്ധം വയ്ക്കുക എന്നു പറയുന്നത് നബി(സ) തിരുമേനിയോട് ബന്ധം വയ്ക്കുക എന്നതാണ്.

# എസ്.വി. അബ്ദുൽ ലത്തീഫിന് സിക്സ്ത് ഡിഗ്രി ബ്ലേക്ക് ബെൽട്ട്



**കണ്ണൂർ :** ഇന്റർനേഷനൽ എഫ്. എസ്. എ. കെൻഷിൻകാൻ കരാട്ടെ ഓർഗനൈസേഷന്റെ സിക്സ്ത് ഡിഗ്രി ബ്ലേക്ക് ബെൽട്ട് കണ്ണൂർ സ്വദേശിഷിയാൻ എസ്.വി. അബ്ദുൽ ലത്തീഫ് കരസ്ഥമാക്കി.

കഴിഞ്ഞമാസം ജപ്പാൻ തലസ്ഥാനമായ ടോക്കിയോവിൽവച്ച് കെൻഷിൻ കാൻ കരാട്ടെ ഓർഗനൈസേഷന്റെ ഡയരക്ടർ മിസ്റ്റർ തെക്കിയുക്കി ഹയാമയിൽ നിന്നുമാണ് സിക്സ്ത് ഡിഗ്രി ബ്ലേക്ക് ബെൽട്ട് ഏറ്റുവാങ്ങിയത്. സൗത്ത് ഏഷ്യയിൽ എഫ്.എസ്.എ കെൻഷിൻ കാൻ കരാട്ടെയിൽ സിക്സ്ത് ഡിഗ്രി കരസ്ഥമാക്കിയ ഏക വ്യക്തിയാണ് അബ്ദുൾ ലത്തീഫ്. ഇത് കൂടാതെ ഗോജുറിയുവിൽ ഫിഫ്ത്ത് ഡിഗ്രിയും കുബ്ഡോയിൽ തേർഡ് ഡിഗ്രിയും കരസ്ഥമാക്കിയിട്ടുണ്ട്.

കഴിഞ്ഞമാസം ടോക്കിയോവിൽ നടന്ന രണ്ടാമത് ലോക കെയോസ് മാഡ് മാക്സ് കരാട്ടെ ടൂർണമെന്റിൽ പങ്കെടുത്ത അബ്ദുൾലത്തീഫ് ബെസ്റ്റ് ഫൈറ്ററായി തിരഞ്ഞെടുത്തിരുന്നു. ടൂർണമെന്റിൽ പങ്കെടുത്ത ഏക ഇന്ത്യക്കാരനായിരുന്നു അബ്ദുൾലത്തീഫ്. ഇന്റർനാഷനൽ എഫ്. എസ്. എ കെൻഷിൻകാൻ കരാട്ടെ ഓർഗനൈസേഷന്റെ ഇന്ത്യൻ ബ്രാഞ്ച് ചീഫായി പ്രവർത്തിക്കുന്ന അബ്ദുൾ ലത്തീഫിനെ യു.എ.ഇ. ഒമാൻ എന്നീ രാജ്യങ്ങളിലെ ബ്രാഞ്ച് ചീഫായും നിയമിച്ചിട്ടുണ്ട്.

കണ്ണൂർ പഴയങ്ങാടിയിലെ എ.ടി.എ മുസ്തഫയുടേയും എസ്.വി. സുബൈദയുടേയും മകനാണ് അബ്ദുൽ ലത്തീഫ്. മൈലാഞ്ചിക്കൽ ഫരീദയാണ് ഭാര്യ. സാനിയ, നസ്മിയ മക്കളാണ്.

പ്രതിമാസം

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# ചൈനയിലെ മതസ്വാതന്ത്ര്യം

ഇക്കഴിഞ്ഞ 15-ാം തിയ്യതി ആരംഭിച്ച ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്ലീനം പുതിയ പല തീരുമാനങ്ങളും എടുത്തിരുന്നു. ഇക്കൂട്ടത്തിൽ എടുത്തുപറയാവുന്ന ഒരു കാര്യം മതസ്വാതന്ത്ര്യത്തെ അനുവദിക്കുന്നതിനെ സംബന്ധിച്ചായിരുന്നു. ചൈനയുടെ വിപ്ലവാനന്തര കാലഘട്ടം ഏറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. വിപ്ലവനായകൻ മാവോ സെതുങ്ങ് നിഷ്കർഷിച്ച സിദ്ധാന്തങ്ങളിൽനിന്ന് ആസൂത്രിതമായി പിന്മാറുന്ന ഒരു താത്വികപ്രക്രിയ ഈ മാറ്റങ്ങളുടെ രാസത്വരകമത്രെ. ഇവിടെ കാണപ്പെടുന്ന സവിശേഷത മാവോയ്ക്ക് ശേഷമുള്ള ചൈന സ്വതന്ത്രവിപണിയെ അകറ്റാനല്ല മറിച്ച്, പുതിയ വേഷങ്ങൾ നല്കി പുണരാനാണ് ശ്രമിച്ചിട്ടുള്ളത് എന്നതാണ്. മാവോയിൽനിന്ന് സെഡെങ്ങ്സിയാവോപിങ്ങിലേക്കുള്ള ദൂരം ഇത്തരം സിദ്ധാന്ത വ്യതിയാനങ്ങളുടേതാണ്.

ഇത്തവണ 17-ാം പാർട്ടി കോൺഗ്രസ്സിൽ കേന്ദ്രക്കമ്മറ്റി പാസാക്കിയ പ്രമേയങ്ങൾ വളരെ വ്യത്യസ്തമായിരുന്നു. പുതിയ ചില വാചകങ്ങൾ ഈ ചർച്ചകളുടെ വാർത്താമൂല്യം ഉയർത്തിയിരിക്കുന്നു. ശാസ്ത്രീയമായ വീക്ഷണത്തോടെയുള്ള വികസനമാണ് ചൈനയുടെ പുതിയ മുദ്രാവാക്യം. ആസൂത്രിതമായ വികസന പരിപാടികളുടെ വലിയ ശ്രേണിതന്നെ പാർട്ടി കോൺഗ്രസ് പുറത്തിറക്കുകയുണ്ടായി. എന്നാൽ, ഇതൊന്നുമായിരുന്നില്ല പ്രധാന സവിശേഷത. ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയത്തിൽ 70-ലധികം തവണ മതം എന്ന വാക്ക് ഉപയോഗിച്ചിരുന്നുവെന്നത് സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി. പരിമിതമാണെങ്കിലും മതസ്വാതന്ത്ര്യം അംഗീകരിക്കാൻ ചൈന മുന്നോട്ടുവരുന്നു! കമ്മ്യൂണിസത്തിന്റെ തീവ്രത അതിന്റെ ദൈവനിരാസത്തിലാണല്ലോ കുടികൊള്ളുന്നത്. മതം അനുവദിക്കപ്പെടുമ്പോൾ യഥാർത്ഥത്തിൽ ചോർന്നുപോകുന്നത് കമ്മ്യൂണിസ്റ്റ് തത്വചിന്തയുടെ അടിസ്ഥാന ആശയങ്ങളിലൊന്നാകുന്നു.

ഇത് ഒരു തുടർച്ചയുടെ കഥയാകണം. മതം എന്നത് മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ്. വിശ്വാസത്തിന്റെ അഭാവത്തിൽ സമൂഹത്തിന് നഷ്ടപ്പെടുന്നത് ഒട്ടനവധി ഭാവങ്ങളാണ്. നന്മയുടേയും, വിനയത്തിന്റേയും, ദാനത്തിന്റേയും, സത്യത്തിന്റേയുമൊക്കെ ഈ ഭാവങ്ങൾ ഈശ്വര സാക്ഷാത്ക്കാരത്തിന്റെ മുന്നോടികളാകുന്നു. ദൈവം നിരസിക്കപ്പെടുമ്പോൾ അനുബന്ധമായി ഇല്ലാതാകുന്നത് ഇങ്ങനെയുള്ള അനുഗ്രഹങ്ങളും കൂടിയാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം കമ്മ്യൂണിസം തുടങ്ങിയ മനുഷ്യനിർമ്മിത യുക്തികൾക്ക് സഞ്ചരിക്കാനുള്ള ദൂരത്തിന്റെ പരിമിതിയാണ്. ഇത്തരം പ്രത്യയശാസ്ത്രങ്ങൾ മാനുഷികമായ വികാര-വിചാരങ്ങളെ നിയന്ത്രിക്കുന്നുണ്ടാകാം. പക്ഷേ, ആത്യന്തികമായി മനുഷ്യനെ പുനർനിർമ്മിക്കാൻ സാധിക്കുന്നില്ല. സോവിയറ്റ് യൂനിയൻതന്നെ നല്ലൊരുദാഹരണം. അവിടെ മതത്തിന് പകരം നല്കിയ ആശയം തൊലിപ്പുറത്ത് മാത്രമേ കണ്ടുള്ളൂ. അതിലപ്പുറം തങ്ങളുടെ പഴയ പാരമ്പര്യത്തിനകത്തുതന്നെ തികഞ്ഞ മതവിശ്വാസികളായിരുന്നു റഷ്യക്കാർ. ചുരുക്കത്തിൽ അടിച്ചമർത്തലിലൂടെ മതരാഹിത്യം കൈവരിക്കാനാവില്ല.

ഈ രീതിയിലുള്ള തിരിച്ചറിവാണോ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ നയിച്ചതെന്ന് അറിഞ്ഞുകൂടാ. സ്വതന്ത്ര വിപണിയുടെ ആവശ്യകതകൂടി അവിടെ കാണപ്പെടുന്നുണ്ട്. മതത്തെ കമ്പോളത്തിൽ വിനിയോഗിക്കാമെന്ന് ചൈന കരുതുന്നുണ്ടോ എന്തോ? എന്തായാലും വിപ്ലവകരമായ മാറ്റം തന്നെയാണ് ചൈനയിലേത്. ഉരുക്ക് മറയ്ക്കുള്ളിൽ മതസ്വാതന്ത്ര്യം ഒരു യാഥാർത്ഥ്യമായിത്തീരുന്നു.

# വിലക്കയറ്റവും ഇതരപ്രശ്നങ്ങളും

ലോകത്താകമാനം വളരെ ഗൗരവകരമായ രീതിയിൽ വിലനിലവാരം കുതിച്ചുയരുകയാണ്. കഴിഞ്ഞ 10 വർഷത്തെ ഏറ്റവും കൂടിയ നിരക്കിലാണ് ഇപ്പോൾ പല കാർഷിക ഉല്പന്നങ്ങളും വിപണിയിൽ വിൽക്കപ്പെടുന്നത്. ഈ കുതിച്ചുകയറ്റത്തിന് വിവിധ കാരണങ്ങൾ നിരത്തപ്പെടുന്നുണ്ട്. ലോകം വാർത്തകളിൽ കൂടുതൽ സ്വാദിഷ്ഠമായതിനെ കീറിമുറിക്കുമ്പോൾ അടുത്തയിടെ പ്രത്യക്ഷപ്പെട്ട കാലാവസ്ഥാവ്യതിയാനത്തെ കുറിച്ചുള്ള യു.എൻ. സമിതിയുടെ റിപ്പോർട്ട് ആരും ശ്രദ്ധിച്ചില്ല. ഇതനുസരിച്ച് മഴയെ ആശ്രയിച്ചുള്ള കൃഷി 2020 ആകുമ്പോഴേക്കും പകുതികണ്ട് കുറയും. ലോകത്തിന്റെ കാർഷികോല്പാദനത്തിന്റെ 60%വും ഈ കൃഷിരീതിയിലൂടെയാണ് ഉണ്ടാകുന്നത്. ഇക്കാര്യം കൂടുതൽ തീക്ഷ്ണമായി ബാധിക്കാനിടയുള്ളത് മൂന്നാംലോക രാജ്യങ്ങളെയാണ്.

ഇതൊരു പ്രതിസന്ധി ഘട്ടമാണ്. കാരണം ദശലക്ഷക്കണക്കിന് ആളുകളെ പട്ടിണിയിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുവേണ്ടി യു.എൻ. ഉൾപ്പെടുന്ന അന്താരാഷ്ട്ര സംഘടനകളും വിവിധ രാജ്യങ്ങളും പണം ചെലവഴിക്കുന്നുണ്ട്. ഈ സഹായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടെ 50% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇനിയും സാധനവിലയിൽ വരുന്ന വർദ്ധനവ് ഈ സഹായത്തിന്റെ തോതിനെ പ്രതികൂലമായി ബാധിക്കും. പട്ടിണിയുടെ പടിവാതിൽക്കൽ നില്ക്കുന്ന ആയിരങ്ങൾക്ക് ഇതൊരു കൊടുംഭീഷണിയാകുന്നുണ്ട്. ശരിയായരീതിയിൽ ഉപയോഗിക്കാൻ ലോകത്തിന് ഇപ്പോൾ ആവശ്യമുള്ളതിലും 30 വർഷത്തേക്ക് കുറഞ്ഞ ധാന്യശേഖരം മാത്രമേ നിലവിലുള്ളൂ എന്നാണ് കരുതപ്പെടുന്നത്.


മൂന്നാം ലോക രാജ്യങ്ങളുടെ വികസന അജണ്ട ഇവിടെ പ്രസക്തമാകുന്നു. വികസിത രാജ്യങ്ങളെ അനുകരിച്ച് കൃഷിയിടങ്ങളെ തള്ളിപ്പറയുമ്പോൾ കൃഷിഭൂമിയിലും ഉല്പാദനക്ഷമതയിലും കുറവാണുണ്ടാകുന്നത്. കാർഷിക സമ്പദ് വ്യവസ്ഥകളെ തള്ളിപ്പറയാനുള്ള വ്യഗ്രത കൂടുതലും അല്പവികസിത രാജ്യങ്ങളിലാണുള്ളത്. തനത് രീതികളെ ഉപേക്ഷിച്ച് കൃത്രിമ മാർഗ്ഗങ്ങൾ വികസനപ്രക്രിയയിൽ ഉപയോഗിക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തുന്നത്.

കാലാവസ്ഥയിൽ വന്നുചേരുന്ന വ്യതിയാനങ്ങളും പ്രസക്തമായ കാര്യങ്ങളാണ്. ഭക്ഷ്യോല്പാദനത്തെ വിപരീതമായി ബാധിക്കുന്ന കാലാവസ്ഥാവ്യതിയാനം ജനജീവിതത്തെ കൂടുതൽ താറുമാറാക്കുന്നു. ഗ്രാമീണമേഖലയിൽ ഇത് വലിയ പ്രശ്നങ്ങളുണ്ടാക്കുന്നു. ആഫ്രിക്കയിൽ മിക്ക ഗ്രാമങ്ങളിലേയും പ്രതിശീർഷവരുമാനം ഒരു ഡോളറിലും താഴെയാണ്. അവിടെ 4% ആളുകൾക്ക് മാത്രമേ ഗവർമ്മെന്റ് സംരക്ഷണം ലഭിക്കുന്നുള്ളൂ. ലോകത്തെ മൊത്തം പട്ടിണിപ്പാവങ്ങളുടെ 70% താമസിക്കുന്ന ഗ്രാമീണ മേഖലയിൽ 2025 ആകുമ്പോഴേക്കും ഇതിലേറെ പ്രതിസന്ധികൾ വരാനുണ്ട്. കാരണം രൂക്ഷമായ കുടിവെള്ളക്ഷാമത്തിന്റെ ചവിട്ടുപടിയിൽ നില്ക്കുന്നത് 40-ൽ അധികം ആഫ്രോ-ഏഷ്യൻ രാജ്യങ്ങളാണ്.

ചുരുക്കത്തിൽ ഭക്ഷ്യോല്പാദനത്തിന്റെ ശേഷി പതിയെ കുറയുകയാണ്. സബ്സിഡികൾ നിർത്തണമെന്ന വിവിധ ഗവർമ്മെന്റുകളുടേയും ലോകബാങ്ക് ഐ.എം.എഫ് ദ്വയങ്ങളുടേയും ആവശ്യം ഈ പ്രതിഭാസത്തെ വളർത്തുന്നുണ്ട്. കാരണം വലിയ രാജ്യങ്ങളിൽപോലും സബ്സിഡികളുടെ പിന്തുണയോടെയാണ് മിക്ക വിളകളുടേയും നിലനില്പ്. ചില യൂറോപ്യൻരാജ്യങ്ങൾ ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ടുമുണ്ട്. ഏതായാലും യുദ്ധത്തിന്റേയും ദുരന്തത്തിന്റേയും ഭീകരതകളും റിയാലിറ്റി ഷോകളും വാർത്തയുടെ സിംഹഭാഗവും അപഹരിക്കുമ്പോൾ കൃഷിയിലുള്ള ഇടിവും വിലയുടെ വർദ്ധനവും ശ്രദ്ധിക്കപ്പെടുന്നേയില്ല. ആളുകൾ മറക്കുന്നത് നാളെകളെയാണ്; അല്ല, നാളെകൾ സൃഷ്ടിച്ച ദൈവത്തെയാണ്.

# നഗരം മഹാസാഗരം!

**2008** ആകുമ്പോഴേക്കും ലോകജനതയുടെ പകുതിയും നഗരപ്രദേശങ്ങളിലായിരിക്കും നിവസിക്കുക എന്ന് ഐക്യരാഷ്ട്രസഭ ജനസംഖ്യാഫണ്ടിന്റെ റിപ്പോർട്ടിൽ പറയുന്നു. 20-ാം നൂറ്റാണ്ടിലാണ് ഏറ്റവും അധികം ജനങ്ങൾ നഗരങ്ങളിൽ താമസമുറപ്പിച്ചുതുടങ്ങിയത്. ഈ നഗരജനസംഖ്യാവർദ്ധനവിൽ ഏറെയും



അല്പവികസിത രാജ്യങ്ങളിലാണ് സംഭവിക്കുന്നത്. എന്നാൽ, ഈ ദരിദ്രരാഷ്ട്രങ്ങളിൽ ജനസംഖ്യാ വർദ്ധനവിനെ ഫലപ്രദമായി നേരിടാനുള്ള സംവിധാനങ്ങളൊന്നുമില്ല.

ഇത്തരം പ്രശ്നങ്ങളേറെയും ഏഷ്യൻരാജ്യങ്ങളിലാണ്. കാരണം ലോകത്തിലെ ഏറ്റവുമുയർന്ന ജനസംഖ്യാനിരക്ക് രണ്ട് ഏഷ്യൻരാജ്യങ്ങളിലാണ്. ലോകത്തിലെ ഏറ്റവും വലിയ നഗരങ്ങളിൽ മിക്കതും ഇപ്പോൾ ഏഷ്യയിലാണ്. ഏഷ്യൻ ജനസംഖ്യയുടെ അഞ്ചിൽമൂന്നുഭാഗം നഗരങ്ങളിൽ താമസിക്കുന്നു. അതിവേഗം ജനസംഖ്യയേറിവരുന്ന നൂറു നഗരങ്ങളുടെ പട്ടികയിൽ ഒട്ടുമുക്കാലും ഏഷ്യയിൽനിന്നാണ്. ഇക്കൂട്ടത്തിൽ 15 ചൈനീസ് നഗരങ്ങളും 8 ഇന്ത്യൻ നഗരങ്ങളുമുണ്ട്. എന്നാൽ, യൂറോപ്യൻ നഗരങ്ങൾ 10 എണ്ണം മാത്രമേ ഈ പട്ടികയിലുള്ളൂ.

നഗരങ്ങൾ വലിയ വൈരുദ്ധ്യത്തിന്റെ പ്രതീകം കൂടിയാണ്. ലണ്ടനിലെ ഐ.ഐ.ഇ.ഡി നടത്തിയ പഠനമനുസരിച്ച് സമ്പത്ത് കേന്ദ്രീകരിക്കുന്ന നഗരങ്ങളിൽ തന്നെയാണ് രൂക്ഷമായ പാർപ്പിടപ്രശ്നങ്ങളും സാമ്പത്തിക കുഴപ്പങ്ങളും നിലനില്ക്കുന്നത്. ജനാധിപത്യപരമായ അവകാശലംഘനങ്ങളും ഇവിടെ കൂടുതലാണ്. നഗരഭരണത്തിന്റെ പിടിപ്പുകേടും ഇത്തരം സ്ഥലങ്ങളിൽ വലിയ പ്രശ്നങ്ങളുണ്ടാക്കുന്നു. (അവലംബം: ദ ഹിന്ദു)

---

(5-ാം പേജിൽ)

രൂപമെടുത്തശേഷവും എഴുത്തുകുത്തുകൾ തുടർന്നുവന്നിരുന്നു. ഗ്രന്ഥകുതുകിയായിരുന്ന അദ്ദേഹം പുസ്തകങ്ങൾ സമ്പാദിക്കുന്നതിൽ ഞെരുക്കങ്ങളെ കൂട്ടാക്കാറില്ല. മലയാളത്തിൽ ഒരു മാസികയുടെ പത്രാധിപത്യം വഹിച്ചുപോന്നിട്ടുണ്ട്. തബ്ലീഗ് പ്രവർത്തനങ്ങൾക്ക് പുറമെ തർബിയ്യത്ത് കാര്യങ്ങളിലും പൂർണ്ണമായും ശ്രദ്ധിച്ചുപോന്നിരുന്നു. മലബാറിൽ ഉർദുവിന് വലിയ പ്രചാരമില്ലാത്തതിനാൽ അദ്ദേഹം തന്നെയാണവിടെ അഹ്മദികൾക്ക് മാർഗ്ഗദീപമായിരുന്നത്. ദൈവാനുഗ്രഹത്താൽ അവിടെ അഹ്മദികൾ ധാരാളമുണ്ട്. ഉറച്ചവിശ്വാസികളും ത്യാഗബദ്ധരുമായ അംഗങ്ങളുള്ള ജമാഅത്തുകളും അവിടെയുണ്ട്. അവരിൽ ഉന്നതവിദ്യാഭ്യാസം നേടിയവരുമുണ്ട്. തനിയ്ക്കുശേഷം അഹ്മദിയ്യാ സിദ്ധാന്തങ്ങളെ ഉയർത്തിക്കാട്ടാൻ കെൽപ്പുള്ള പണ്ഡിതന്മാരെ വാർത്തുണ്ടാക്കേണ്ട കാര്യത്തിൽ മർഹൂം മൗലാനയ്ക്ക് വലിയ ഉൽക്കണ്ഠയുണ്ടായിരുന്നു. അങ്ങനെ പല വിദ്യാർത്ഥികളും ഖാദിയാനിൽനിന്ന് പഠിച്ചു പാസ്സായി മൗലാനായുടെ കീഴിൽ പരിശീലനം നേടി അവിടെ അഹ്മദിയ്യത്തിന്റെ കൊടി മേൽക്കുമേൽ ഉയർത്തിപ്പിടിക്കുന്നവരായിത്തീർന്നിട്ടുണ്ടെന്നത മൗലാനായുടെ ആത്മാവിന് സംതൃപ്തിയേകുന്ന ഒരു കാര്യമത്രെ.

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എന്റെ ഒരു സതീർത്ഥ്യൻ മാത്രമായിരുന്നില്ല. ഒരുറ്റ ചങ്ങാതിയും ആത്മീയ സഹോദരനുമായിരുന്നു. അദ്ദേഹവുമായി ഞാനെപ്പോഴും കത്തിടപാടുകൾ തുടർന്നുവന്നിട്ടുണ്ട്. അൽഫർഖാൻ മാസികയെ അദ്ദേഹം വളരെ പുകഴ്ത്തിപ്പറയാറുണ്ടായിരുന്നു. മാസിക താമസിച്ചെത്തുന്നത് അദ്ദേഹത്തെ അസ്വസ്ഥപ്പെടുത്തും. ഖാദിയാനിലെ വാർഷികജലസവേളയിൽ പലപ്പോഴും അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞിരുന്നു. ജലസയ്ക്ക് എത്തിച്ചേരുന്നതിനെ പറ്റി നമ്മൾ തമ്മിൽ മുൻകൂട്ടി പരിപാടികൾ തയ്യാറാക്കിപ്പോന്നിരുന്നു. റബ്വയിൽ വരാനും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിനെ കാണുവാനും അദ്ദേഹം അത്യധികമായ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഈ അഭിലാഷം പ്രകടിപ്പിക്കുമ്പോഴെല്ലാം അദ്ദേഹത്തിന്റെ നയനങ്ങൾ നിറയും. അതു കണ്ട് ഞങ്ങളും കരയും. പാസ്പോർട്ട് കിട്ടുന്നതിൽ ഉണ്ടായിരുന്ന വിഷമങ്ങളാണ് അദ്ദേഹത്തിന് ഇക്കാര്യത്തിൽ തടസ്സമായിരുന്നത്.

മർഹൂം മൗലാനായുടെ അനുകരണീയമായ ഒരു മഹൽഗുണമായിരുന്നു അദ്ദേഹത്തിന്റെ പരിത്യാഗശീലം. കൃത്രിമത്വവും പൊങ്ങച്ചവും ഭാവിക്കുന്ന ആളുകളെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹമാകട്ടെ ഒരു ദർവേശിനെപ്പോലെ നിസ്സംഗജീവിതമാണ് നയിച്ചുപോന്നിരുന്നത്. ഞാൻ അദ്ദേഹത്തെ ഔലിയാക്കളിൽ (ഔലിയാ ഉർറഹ്മാൻ) ഒരാളായിട്ടാണ് കരുതുന്നത്. ആരൊരാളെ കാണുമ്പോൾ ദൈവത്തെ കുറിച്ചോർമ്മ വരുന്നുവോ അങ്ങനെയുള്ള ഒരാൾ! തന്റെ നാട്ടുകാരിൽ അദ്ദേഹത്തിന് പ്രത്യേകമായ ആത്മീയപ്രഭാവം ഉണ്ടായിരുന്നു. മർഹൂം മൗലാനാ സ്നേഹസമ്പന്നനായ ഒരു മഹാനായിരുന്നു.

മൗലാനാ അബ്ദുല്ലാഹ് സാഹിബ് തെന്നിന്ത്യയിൽ അഹ്മദിയ്യത്തിന്റെ ഒരു നെടുംതൂൺ ആയിരുന്നു. ഇസ്ലാമിന്റെ ഒരു വീരപോരാളിയായിരുന്നു അദ്ദേഹം. നാമെല്ലാം ഒരു നാൾ നിശ്ചയമായും മരിക്കണം. എന്നാൽ, മതസേവനത്തിന്നായി അർപ്പിതമായിരിക്കുന്ന ജീവിതമത്രെ യഥാർത്ഥ ജീവിതം. മനസ്സ് വളരെയേറെ നോവുകയാണ്. നമ്മുടെ ഈ വന്ദ്യസഹോദരൻ കഴിവിനൊത്ത് തന്റെ കടമകൾ നിർവ്വഹിച്ചിരുന്നു എന്നതിൽ നമുക്കാശ്വാസംകൊള്ളാം. ദൈവനുരാഗത്തിലും റസൂലിനോടുള്ള പ്രേമാതിരേകത്തിലും ആണ് അദ്ദേഹം ജീവിച്ചുപോന്നത്. അദ്ദേഹം അല്ലാഹുവിന്റെ വിശുദ്ധമസീഹിന്റെ ശബ്ദത്തെ ജീവിതകാലം മുഴുവനും കൊട്ടിഘോഷിച്ചുകൊണ്ടിരുന്നു. നമുക്കെല്ലാം ദൈവത്തോടു പ്രാർത്ഥിക്കാം, മർഹൂം മൗലാനായുടെ സേവനങ്ങൾ അവന്റെ പക്കൽ സ്വീകൃതങ്ങളായി ഭവിക്കുകയും അദ്ദേഹം ജന്നത്തുൽ ഫിർദൗസിൽ മഹോന്നതപദവികൾ കൊണ്ട് അനുഗൃഹീതനായിത്തീരുകയും അദ്ദേഹത്തിന്റെ ദേശത്തിൽ ലക്ഷക്കണക്കിലുള്ള അഹ്മദിയ്യാ സേവകന്മാരെ അവൻ പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ. മർഹൂം മൗലാനായുടെ ആശ്രിതന്മാരെ അല്ലാഹു രക്ഷിക്കുകയും സഹായിക്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹത്തിന്റെ കാല്പാടുകളിൽ ചരിക്കുവാൻ അല്ലാഹു സൗഭാഗ്യമേകുമാറാകട്ടെ! (ആമീൻ! യാ റബ്ബൽ ആലമീൻ)

*(മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.ഏ ചരമം പ്രാപിച്ചപ്പോൾ, അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് വിശ്രുത പണ്ഡിതൻ മൗലാനാ അബുദുൽ അത്താ ജലന്ധരി 1971-ൽ സത്യദൂതനിൽ എഴുതിയ അനുസ്മരണ ലേഖനം)*

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shajir Ahamed, Kannur.